ദുരന്താനന്തരം
**കേരളം**

*"മനുഷ്യസമൂഹവും ജൈവപരിസ്ഥിതിയും എത്തിച്ചേർന്നിരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ പ്രശ്നങ്ങൾ സൃഷ്ടിച്ച അതേ സ്ഥാപനങ്ങളെ ഇനിയും ചുമതലപ്പെടുത്തുന്നതിൽ അർത്ഥമില്ല. സ്വാതന്ത്ര്യവും അധികാരവും സ്വയംനിർണ്ണയാവകാശവും തിരിച്ചുപിടിച്ചുകൊണ്ട് നാം തന്നെ പരിഹാരങ്ങൾ കണ്ടെത്തുകയാണ് വേണ്ടത്."*
*(ആന്ദ്രെ ഗോർസ്, ഇക്കോളജി ആസ് പൊളിറ്റിക്സ്)*

# ദുരന്തത്തിലേക്ക് മടങ്ങിപ്പോകുന്ന നവകേരളം എന്ന ഭാവനാശൂന്യത

ദുരന്താനന്തര പുനർനിർമ്മാണത്തിന്റെ തത്വശാസ്ത്രവും രാഷ്ട്രീയവും എന്തായിരിക്കണം? പൗരസമൂഹത്തിന് അതിൽ എന്തു പങ്കാണുള്ളത്? അതിവേഗം പതിവുകളിലേക്ക് പിന്മടങ്ങിയ 'നവകേരള'ത്തോട് ചിലത് സ്പഷ്ടമായി തന്നെ പറയേണ്ടതില്ലേ? പ്രകൃതി ദുരന്തത്തിന് കാരണമായിത്തീരുന്ന നയങ്ങളും ദുരന്തത്തിന്റെ പുനർനിർമ്മാണവും ഒരേ കേന്ദ്രത്തിൽ നിന്നുതന്നെ രൂപപ്പെടുന്നതിന്റെ അയുക്തി ചോദ്യം ചെയ്യപ്പെടേണ്ടതല്ലേ?

**കേരളീയം വാർത്താശൃംഖല**

'അസുഖകരമായ അവസാനം' എന്ന മലയാള വ്യാഖ്യാനം അന്വർത്ഥമാക്കുന്നതരത്തിലാണ് 'ദുരന്തം' എന്ന ദാരുണ യാഥാർത്ഥ്യം കേരളത്തിലൂടെ കടന്നുപോയതെന്ന് ദുരന്താനന്തര പിൻമടക്കങ്ങൾ ഓരോ ദിവസവും ഓർമ്മിപ്പിച്ചുകൊണ്ടിരിക്കുന്നു. കനത്ത കാലവർഷത്തെ തുടർന്ന് കേരളത്തിലുണ്ടായ കടുത്ത നാശനഷ്ടങ്ങളും പൊതുസമൂഹവും ഭരണകൂടവും അതിനോട് സ്വീകരിക്കുന്ന സമീപനങ്ങളും അസുഖകരമായ അവസാനത്തെക്കുറിച്ചുള്ള ആവലാതികൾ തന്നെയാണ് പങ്കുവച്ചുകൊണ്ടിരിക്കുന്നത്. വീണ്ടെടുക്കൽ സാധ്യമല്ല എന്നതരത്തിൽ എല്ലാം അസുഖകരമായി അവസാനിച്ചുകൊണ്ടിരിക്കുന്നു. ദുരന്തം പകർന്ന ഗുണപാഠങ്ങളിലൂടെ കടന്നുപോയി ജീവിതശൈലികൾ മുതൽ ഭരണനയങ്ങൾ വരെ സംശോധിക്കപ്പെടുമെന്ന് കരുതിയവർക്ക് തെറ്റി. അസുഖകരമായ അവസാനം എന്ന ഭാഷ്യം അന്വർത്ഥമാകുന്നത് അങ്ങനെയാണ്. അവിടെ നിന്നും ഒന്നും പുതിയതായി തുടങ്ങുന്നില്ല. അസുഖകരമായി എല്ലാം ഒടുങ്ങുന്നു. അതുമല്ലെങ്കിൽ സമ്പ്രദായികതയിലേക്ക് പിന്മടങ്ങുന്നതിനുള്ള ഉപായങ്ങൾ അതിവേഗം തരപ്പെടുന്നു. നമ്മൾ എല്ലാം അതിജീവിച്ചിരിക്കുന്നു എന്ന ഗർവ്വിൽ ഈ 'അസുഖകരമായ അവസാന'ത്തെ മറയ്ക്കുന്നു. ദുരന്താനന്തരം കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങളെ സങ്കടത്തോടെ ഇങ്ങനെ ചുരുക്കാം.

ഒഴുകിപ്പരക്കാൻ ഇടമില്ലാതെ പ്രളയജലം തകർത്തെറിഞ്ഞ മതിലുകൾ മടിയിൽ കനമുള്ളവരെല്ലാം അതിലും ഉറപ്പുള്ള കല്ലുകൾകൊണ്ട് പണിതുയർത്തി. വെതർപ്രൂഫ് ഭിത്തികൾക്കുമേൽ പ്രളയം വരച്ചിട്ട ചെളിപ്പാടുകൾ അപെക്സ് പെയിന്റുകൾ വീണ്ടും വെടിപ്പാക്കി. ഉരുൾപൊട്ടലുകളുടെ സംഹാരതാണ്ഡവം മറന്ന് പാറമടകൾ അതിവേഗം സജീവമായി. മലയിടിച്ചിൽ സാധ്യതയില്ലാത്ത കുന്നിൻചരിവുകളിലേക്ക് റിസോർട്ടുകൾ പലതും പറിച്ചുനടപ്പെട്ടു. ബിസിനസ്സ്

⇨ ദുരന്തസ്ഥലങ്ങളിലേക്ക് ആദ്യം വന്നെത്തി രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത് തദ്ദേശീയരായിരുന്നു ⇨



⇧
ഈ ലേഖനത്തലിൽ ഉപയോഗിച്ചിരിക്കുന്ന ഇടുക്കി ജില്ലയിലെ ഉരുൾപൊട്ടൽ പ്രദേശങ്ങളുടെ ഫോട്ടോകൾ പകർത്തിയത്: **സാഗർ ധാര, സജയ് ജോയ്**

ആസ് യൂഷൽ എന്ന് പറയും പോലെ വികസന വണ്ടി നിലച്ചുപോയ പദ്ധതികൾ പൂർത്തീകരിക്കാൻ ഗതിവേഗം കൂട്ടി. പുതുമയുടെ സൂചന നവകേരളം എന്ന പേരിൽ കൊരുത്തുവച്ച് ഭരണസംവിധാനങ്ങളും നിത്യാനുഷ്ഠാനങ്ങളിലേക്ക് നിപതിച്ചു. ദുരന്തത്തിലാണ്ട കേരളത്തെ കരകയറ്റാൻ കോർത്ത കൈകൾ പതിവിലും വേഗത്തിൽ വരേണ്യ പുരുഷബോധവും മതാന്ധതയും കാരണം വിഘടിച്ചു. അസംബന്ധങ്ങളിലേക്കുള്ള പ്രത്യാശാരഹിതരമായ പിൻമടക്കങ്ങളാണ് എവിടെയും, അസുഖകരമായ അവസാനം. പക്ഷെ അത്രവേഗം ഈ ദുരന്തത്തിന്റെ ആഘാതങ്ങളെ മറികടക്കാൻ കഴിയാത്ത ഒരു ജനസമൂഹം കൂടി കേരളത്തിലുണ്ട് എന്നത് മറക്കരുത്. പലവിധത്തിലുള്ള പിന്തുണകൾ ആവശ്യമായി വരുന്ന, ഉപജീവനമാർഗ്ഗങ്ങളെല്ലാം തകർത്തെറിയപ്പെട്ട ഒരു സമൂഹം. കാലാവസ്ഥാ അഭയാർത്ഥികൾ എന്ന് പറയാവുന്നതരത്തിൽ, ആഗോളകാലാവസ്ഥ വ്യതിയാനത്തിന്റെ ഫലമായി ജീവിതമാർഗ്ഗങ്ങൾ നഷ്ടമായ ഒരു റഫ്യൂജി സമൂഹം കേരളത്തിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അവരുടെ അതിതീവ്ര യാതനകൾക്ക്, അതീവ നഷ്ടങ്ങൾക്ക് പരിഹാരം കാണണമെങ്കിൽ പുനർനിർമ്മാണം തീർത്തും പുതിയതാകേണ്ടതുണ്ട്. പണ്ടുള്ളതിനേക്കാൾ മെച്ചപ്പെട്ടതല്ല, തീർത്തും പുതിയത് എന്ന ആലോചന ഓരോ മേഖലയിലും ഉൾച്ചേരേണ്ടതുണ്ട്. ആ അഭയാർത്ഥി സമൂഹത്തിന്റെ ശബ്ദത്തിന് ഇടമുണ്ടാകേണ്ടതുണ്ട്. പുനർനിർമ്മാണത്തിന്റെ തത്വശാസ്ത്രത്തിലും രാഷ്ട്രീയത്തിലും അത് വ്യക്തമായി പ്രതിഫലിക്കേണ്ടതുണ്ട്. ദുരന്താനന്തര പുനർനിർമ്മാണ പരിപാടികളിൽ ഇത്തരത്തിലുള്ള ഒരു സമീപനം കാണാനേയില്ല എന്നതിനാലും കേരളം അതിവേഗം പതിവുകളിലേക്ക് പിന്മടങ്ങിയതിനാലും ചിലത് സ്പഷ്ടമായി തന്നെ പറയേണ്ടതുണ്ട്. പ്രകൃതി ദുരന്തത്തിന് കാരണമായിത്തീരുന്ന നയങ്ങളും ദുരന്തത്തിന്റെ പുനർനിർമ്മാണവും ഒരേ കേന്ദ്രത്തിൽ നിന്നുതന്നെ രൂപപ്പെടുന്നതിന്റെ അയുക്തി തന്നെയാണ് ആദ്യം ചോദ്യം ചെയ്യപ്പെടേണ്ടത്. കേരളത്തെ പുനർനിർമ്മിക്കേണ്ടത് ആരെന്നും എങ്ങനെയെന്നും ഉള്ള ചോദ്യം അത്തരത്തിലാണ് പ്രസക്തമാകുന്നത്. തുടക്കത്തിൽ കുറിച്ച ആന്ദ്രെ ഗോർസിന്റെ വാചകങ്ങൾ പറയുന്നതുപോലെ പ്രശ്നങ്ങൾ സൃഷ്ടിച്ച അതേ സ്ഥാപനങ്ങളെ പരിഹാരം കണ്ടെത്താൻ ചുമതലപ്പെടുത്തുന്നതിൽ എന്ത് യുക്തിയാണുള്ളത്?

### പൗരസമൂഹത്തിന്റെ പങ്ക് എന്ത്?

ആഗസ്റ്റ് 15ന് മഴ കനത്തതോടെ ഓരോ പ്രദേശത്ത് നിന്നും ദുരന്തവാർത്തകൾ പ്രത്യക്ഷപ്പെട്ടു തുടങ്ങുകയായിരുന്നു. അതിതീവ്ര മഴയുണ്ടാകും എന്ന പ്രവചനത്തിനും എന്തു ചെയ്യണം എന്നത് വ്യക്തമല്ലാത്ത 'റെഡ് അലർട്ട്' മുന്നറിയിപ്പിനും ഇടയിൽ നിർജ്ജീവമായി നിൽക്കുകയായിരുന്നു അന്ന് ഭരണസംവിധാനങ്ങൾ. ദുരന്തസ്ഥലങ്ങളിലേക്ക് ആദ്യം വന്നെത്തി രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത് തദ്ദേശീയരായിരുന്നു. ഉരുൾപൊട്ടലുണ്ടായ ഇടങ്ങളിലും പ്രളയജലത്താൽ മുങ്ങിപ്പോയ സ്ഥലങ്ങളിലും രക്ഷാപ്രവർത്തനം നടന്നത് ഇവരുടെ മുൻകൈയിലായിരുന്നു. പോലീസും പട്ടാളവും ദുരന്തനിവാരണ സേനയും എല്ലാം എത്തുമ്പോഴേക്കും സർക്കാർ സംവിധാനങ്ങളുടെ പ്രത്യേക സേവനങ്ങൾ ഉപയോഗപ്പെടുത്താൻ കഴിയും വിധം സജ്ജരായിരുന്നു ഈ തദ്ദേശീയ രക്ഷാപ്രവർത്തകർ. അവരുടെ അറിവിനും നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് കളക്ടർ നിയന്ത്രിക്കുന്ന ദുരന്തനിവാരണ സംവിധാനങ്ങൾ മുതൽ മത്സ്യത്തൊഴിലാളികൾ വരെ രക്ഷാപ്രവർത്തനങ്ങളുടെ ദിശ തീരുമാനിച്ചത്. രക്ഷാപ്രവർത്തനത്തിന്റെ തുടർച്ചയായി ദുരിതാശ്വാസ ക്യാമ്പുകൾ തുടങ്ങുന്നതിനും അവിടേക്ക് ആവശ്യമുള്ള സാധനങ്ങളും സേവനങ്ങളും എത്തിക്കുന്നതിനും മുൻകൈയെടുത്തതും ഇതേ സമൂഹം തന്നെയായിരുന്നു. കളക്ടറുടെയും മറ്റ് റവന്യൂ ഉദ്യോഗസ്ഥരുടെയും ഔദ്യോഗിക കൃത്യനിർവഹണം ദുരി

താശ്വാസ പ്രവർത്തനങ്ങളിലേക്ക് എത്തുന്നതിന് മുമ്പുതന്നെ ക്യാമ്പുകൾ ജനങ്ങളുടെ മുൻകൈയിൽ തുറക്കപ്പെടുകയും ചിട്ടയോടുകൂടി ദുരിതാശ്വാസ പ്രവർത്തനങ്ങൾ തുടരുകയും ചെയ്തു. അവശ്യസാധനങ്ങളുടെ ശേഖരണവും വിതരണവും ജനങ്ങളുടെ മുൻകൈയിൽ അതിവേഗത്തിലും സൂക്ഷ്മതയിലും നിർവ്വഹിക്കപ്പെട്ടു. ലോകത്തിന്റെ വിവിധ കോണുകളിൽ നിന്നും സഹായങ്ങൾ സമാഹരിക്കുന്നതിനും അത് വളരെ കൃത്യമായി ദുരിതബാധിതരിലേക്ക് എത്തിക്കുന്നതിനുമുള്ള മികച്ച ശൃംഖല ജനകീയമായി നെയ്തെടുക്കപ്പെട്ടു. വെള്ളത്തിൽ മുങ്ങി നിവർന്ന കേരളത്തിന്റെ ആദ്യ അതിജീവനാവശ്യങ്ങൾക്ക് എവിടെയും ഒരു തടസ്സവും നേരിട്ടതേയില്ല. അതേസമയം ദുരന്തനിവാരണത്തിന്റെ ചുമതലയുള്ള റവന്യൂവകുപ്പ് ഇത്തരം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുമ്പോഴേക്കും ഏറെ വൈകിയിരുന്നു. ഉദ്യോഗസ്ഥ ഭരണസംവിധാനത്തിന്റെ ഭാഗമായ അധികാര ശ്രേണികളും ബ്യൂറോക്രസിയുടെ സാമ്പ്രദായികമായ സ്ഥാപനപരതയും ദുരിതാശ്വാസ പ്രവർനങ്ങൾക്ക് വേണ്ട ചടുലതയെ മന്ദഗതിയിലാക്കി. ഇതിനിടയിൽ മാനേജ്മെന്റ് വൈദഗ്ധ്യം കാണിച്ച ചില കളക്ടർമാർ മാദ്ധ്യമങ്ങളിൽ നിറഞ്ഞുനിന്നെങ്കിലും പൗരസമൂഹത്തിന്റെ മുൻകൈയിലുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങൾ അപ്പോഴേക്കും ആർക്കും സമാഹരിക്കാൻ കഴിയാത്ത വിധം വിപുലപ്പെട്ടു കഴിഞ്ഞിരുന്നു. ആ പ്രവർത്തനങ്ങളുടെ ഫലമായി രൂപപ്പെട്ട ആദ്യഘട്ട ഏകോപനത്തിലൂടെയാണ് പിന്നീട് സർക്കാർ സംവിധാനങ്ങൾ സുഗമമായി മുന്നോട്ടുപോയത്. മുഖ്യമന്ത്രിക്ക് പോലും കൃത്യമായ ഇടവേളകളിൽ മാദ്ധ്യമങ്ങളെ അഭിമുഖീകരിച്ച് കാര്യങ്ങൾ വിശദീകരിക്കുന്നതിനുള്ള അടിത്തറയൊരുക്കിയത് പൗരസമൂഹത്തിന്റെ ഇടപെടലായിരുന്നു എന്ന് പറയാം. അസാധാരണ ദുരന്തത്തിന് മുന്നിൽ ഭരണകൂടവാഴ്ച നിഷ്ക്രിയമായപ്പോൾ സിവിൽ സമൂഹം അതിന്റെ കടമ തിരിച്ചറിഞ്ഞുകൊണ്ട് ഉണർന്നു പ്രവർത്തിച്ചു. ഭരണവ്യവസ്ഥയിൽ അധികാരം കൈയാളാത്ത പൗരർ ഭരണേതരമായി തന്നെ അവരുടെ സാധ്യതകൾ ദുരന്തമുഖത്ത് ഉപയുക്തമാക്കി. സിവിൽ സമൂഹ സംരംഭങ്ങളോട് എപ്പോഴും വിമുഖത കാണിച്ചിരുന്ന ഭരണകൂടാധികാരം കുറച്ച് ദിവസത്തേക്ക് അതുമായി സഹകരിക്കാൻ സന്നദ്ധമായി. രക്ഷാപ്രവർത്തനവും ദുരിതാശ്വാസ പ്രവർത്തനങ്ങളും അവസാനിച്ചതോടെ അത് പതിയെ വഴിപിരിഞ്ഞെങ്കിലും സ്റ്റേറ്റിന്റെ അധികാരഘടനയ്ക്ക് പോലും സാധ്യമാകാത്ത വിധത്തിലുള്ള പൗരസമൂഹത്തിന്റെ ശക്തിയാണ് ആ ശ്രമങ്ങളിൽ പ്രതിഫലിച്ചത്. തീർച്ചയായും കേരളത്തിന്റെ പുനർനിർമ്മാണം എന്ന തുടർ പരിപാടിയിലും ദുരന്തനിവാരണം/ലഘൂകരണം എന്ന പ്രക്രിയയിലും പൗരസമൂഹത്തിന്റെ ഈ വിധത്തിലുള്ള ശക്തിയും വൈദഗ്ധ്യവും ഉൾച്ചേർക്കേണ്ടതുണ്ട്. എന്നാൽ രക്ഷാപ്രവർത്തനവും ദുരിതാശ്വാസ നടപടികളും അവസാനിച്ചതോടെ അധികാരം വീണ്ടും ഭരണകൂടത്തിൽ കേന്ദ്രീകരിക്കുന്ന കാഴ്ചയാണ് കേരളത്തിൽ കാണാൻ കഴിയുന്നത്. പൗരസമൂഹത്തിന്റെ ഇടപെടലുകളെ പ്രശംസകൾ നൽകി പിരിച്ചുവിടുന്നതിനാണ് സർക്കാർ തിടുക്കം കൂട്ടിയത്. മികച്ച ദുരന്തനിവാരണ പ്രവർത്തകർക്ക് കളക്ട്രേറ്റിൽ നിന്നും പ്രശസ്തി പത്രം. ഇതോടെ നിങ്ങളുടെ ദൗത്യം അവസാനിച്ചെന്നും ഇനി കാര്യങ്ങൾ നോക്കാൻ ഇവിടെ ഒരു ഭരണകൂടമുണ്ടെന്നും പറയാതെ പറയുന്ന പരിപാടികൾ. ഇത് പ്രതീക്ഷിതമായിരുന്നു. പുതിയ കേരളമാണ് നിർമ്മിക്കാൻ പോകുന്നതെന്ന് മുഖ്യമന്ത്രി പറയുന്നുണ്ടെങ്കിലും നയപരമായ കാര്യങ്ങളിൽ പൗരസമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പാക്കുന്നതിനെക്കുറിച്ച് 'നവകേരളം' ഒന്നും മൊഴിയുന്നില്ല. അങ്ങനെ പതിവുപോലെ അധികാരവ്യവസ്ഥയിൽ ജനം പടിക്കുപുറത്തായി. ജനാധിപത്യം കൂടുതൽ അധികാരകേന്ദ്രീകൃതമായിരിക്കുന്ന കാലത്ത് ഇത് സ്വാഭാവികമാണെങ്കിലും ദുരന്തനാളുകളിൽ പ്രത്യക്ഷമായ പൗരസമൂഹത്തിന്റെ ശക്തി തിരിച്ചറിഞ്ഞ് ജനാധിപത്യത്തെ ജനാധികാരപരമാക്കുന്നതിനുള്ള ശ്രമങ്ങൾ നമ്മൾ തുടരേണ്ടതുണ്ട്. കാരണം കേരളത്തിന്റെ അതിജീവനം തീർച്ചയായും

അസാധാരണ ദുരന്തത്തിന് മുന്നിൽ ഭരണകൂടവാഴ്ച നിഷ്ക്രിയമായപ്പോൾ സിവിൽ സമൂഹം അതിന്റെ കടമ തിരിച്ചറിഞ്ഞുകൊണ്ട് ഉണർന്നു പ്രവർത്തിച്ചു. ഭരണവ്യവസ്ഥയിൽ അധികാരം കൈയാളാത്ത പൗരർ ഭരണേതരമായി തന്നെ അവരുടെ സാധ്യതകൾ ദുരന്തമുഖത്ത് ഉപയുക്തമാക്കി. സിവിൽ സമൂഹ സംരംഭങ്ങളോട് എപ്പോഴും വിമുഖത കാണിച്ചിരുന്ന ഭരണകൂടാധികാരം കുറച്ച് ദിവസത്തേക്ക് അതുമായി സഹകരിക്കാൻ സന്നദ്ധമായി.

ജനാധിപത്യവ്യവസ്ഥയുടെ തിരുത്തപ്പെടലിലൂടെ മാത്രമേ പൂർണ്ണമാവുകയുള്ളൂ. അതിന് രക്ഷാപ്രവർത്തനത്തിലും ദുരിതാശ്വാസ പരിപാടികളിലുമുണ്ടായ കൂട്ടായ ശ്രമങ്ങൾ പല വിധത്തിൽ സമൂഹത്തിൽ തുടരേണ്ടതുണ്ട്. വിസമ്മതങ്ങളും പ്രതിഷേധങ്ങളും വ്യക്തമായി രേഖപ്പെടുത്തിക്കൊണ്ട്, ഇടപെടലുകളും സമരങ്ങളും തുടർന്നുകൊണ്ട് അത് നിലനിർത്തപ്പെടണം.

ദുരന്തമൊഴിഞ്ഞപ്പോൾ പിരിഞ്ഞുപോയ ആൾക്കൂട്ടമായി തീരാതിരിക്കുക എന്നതാണ് പുതിയ കേരളത്തിനായി പൗരസമൂഹത്തിന് ചെയ്യാനുള്ളത്. അത് സാധ്യമായില്ലെങ്കിൽ ദുരന്തത്തിന് കാരണമായിത്തീർന്ന വ്യവസ്ഥയെ പുനരാനയിക്കലായി നമ്മുടെ പിന്മടക്കങ്ങൾ വഴിമാറും. ദുരന്തനിവാരണം റവന്യൂവകുപ്പിന്റെ ബ്യൂറോക്രാറ്റിക് ചുമതലയായി ചുരുക്കപ്പെടുകയാകും ഫലം. അത് തീർത്തും പരാജയപ്പെട്ട ഒരു സംവിധാനമാണെന്ന് തെളിയിക്കപ്പെട്ടിട്ടും അതിനെ ശാക്തീകരിക്കാനും കൂടുതൽ ഉദ്യോഗസ്ഥ കേന്ദ്രീകൃതമാക്കുന്നതിനുള്ള ശ്രമമാണ് ദുരന്താനന്തരം കണ്ടുവരുന്നത്. ദുരന്തത്തിന്റെ വ്യാഖ്യാനങ്ങളിൽ ഉൾപ്പെടാത്ത പ്രവൃത്തികൾക്ക് പോലും കോടികൾ വിനിയോഗിച്ചതായും മുന്നിറയിപ്പ് ഉപകരണങ്ങൾ വാങ്ങുന്നതിലും അറ്റകുറ്റപണികൾ നടത്തുന്നതിലും പോലും ക്രമക്കേടുകൾ കണ്ടെത്തിയതായും ഒരു സി.എ.ജി റിപ്പോർട്ട് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് 2017 മാർച്ചിൽ പുറത്ത് വന്നിട്ടുണ്ട്. ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുണ്ടായ ചട്ടലംഘനങ്ങളും വീഴ്ചകളും ആ റിപ്പോർട്ട് അക്കമിട്ട് നിരത്തുന്നുണ്ട്. പൗരസമൂഹത്തെ ഉൾപ്പെടുത്തുന്ന തരത്തിലുള്ള ദുരന്തനിവാരണ/ലഘൂകരണ പ്രവർത്തനങ്ങൾ എങ്ങനെ നടത്താം എന്നതിനെക്കുറിച്ച് വ്യക്തമായ ഒരു നയവും സംസ്ഥാനം രൂപപ്പെടുത്തിയിട്ടില്ല. 1999 മുതൽ റവന്യൂവകുപ്പിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് മാനേജ്മെന്റ് എന്ന സ്ഥാപനം ദേശീയ ദുരന്തനിവാരണം നിയമം വന്ന ശേഷം 2006ൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് എന്നാക്കി പുനർനാമകരണം ചെയ്യുകയുണ്ടായി. ദുരന്തനിവാരണ പരിപാടികളിൽ പൗരന്മാരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതരത്തിൽ പരിശീലനങ്ങൾ നൽകുക എന്നതായിരുന്നു സ്ഥാപനത്തിന്റെ ലക്ഷ്യം. 1.95 കോടി രൂപ മുടക്കി കെട്ടിടം പണിതതല്ലാതെ മറ്റ് നടപടികളൊന്നും ഈ സ്ഥാപനത്തിന്റെ മുൻകൈയിൽ നടന്നിട്ടില്ല എന്ന് സി.എ.ജി റിപ്പോർട്ട് പറയുന്നു. വീഴ്ചകൾ ഇത്തരത്തിൽ ചൂണ്ടിക്കാണിക്കാൻ ഏറെയുണ്ട്. ദുരന്തത്തോട് എങ്ങനെ മികച്ച രീതിയിൽ പ്രതികരിക്കാം എന്നതിനേക്കാൾ പ്രധാനം സാമൂഹ്യാധിഷ്ടിത ദുരന്ത ലഘൂകരണത്തിനാണ് ലഭിക്കേണ്ടത്. ദുരന്ത ലഘൂകരണത്തിന്, പ്രത്യേകിച്ച് കേരളത്തിന്റെ പശ്ചാത്തലത്തിൽ വേണ്ടത് പരിസ്ഥിതിയെയും വികസനത്തെയും സംബന്ധിച്ച നയങ്ങളിലുണ്ടാകേണ്ട കാതലായ മാറ്റങ്ങളാണ്. ഭൂവിനിയോഗത്തെക്കുറിച്ചും വിഭവങ്ങളുടെ ഉപയോഗത്തെക്കുറിച്ചും വൻകിട നിക്ഷേപങ്ങളെക്കുറിച്ചും ഡാമുകളുടെ പ്രവർത്തനങ്ങളെക്കുറിച്ചും എല്ലാം ദുരന്ത ലഘൂകരണത്തെ മുൻനിർത്തി പുനരാലോചിക്കേണ്ടി വരും. തീർച്ചയായും ദുരന്ത ലഘൂകരണം പാരിസ്ഥിതിക പുനഃസ്ഥാപനത്തിന് പ്രാമുഖ്യം നൽകേണ്ട ഒരു സമഗ്രമായ പരിപാടിയായി വേണം രൂപകല്പന ചെയ്യപ്പെടേണ്ടത്. ദൗർഭാഗ്യവശാൽ അതിനുള്ള ശേഷി പ്രകടിപ്പിക്കാൻ ഇത്രകാലവും കഴിയാത്തതും പരിമിതികളുള്ളതുമായ ഒരു വകുപ്പാണ് റവന്യൂ. അതുകൊണ്ടുതന്നെ റവന്യൂ വകുപ്പിന്റെ മുൻകൈയിൽ നവകേരള സൃഷ്ടിക്ക് അനുഗുണമാകുന്നതരത്തിലുള്ള ഒരു ദുരന്ത ലഘൂകരണ പരിപാടി രൂപപ്പെട്ടുവരില്ല എന്നതിൽ സംശയം വേണ്ട. ഇത് തിരിച്ചറിഞ്ഞുകൊണ്ട്, കേരളത്തെ രക്ഷിക്കാൻ ഒത്തുകൂടിയ പൗരസമൂഹത്തിന് ദുരന്ത ലഘൂകരണത്തിൽ എന്താണ് ചെയ്യാൻ കഴിയുന്നത് എന്ന് നമ്മൾ ആലോചിക്കേണ്ടതുണ്ട്.

പല പരിഹാരങ്ങളും നമുക്കുതന്നെ ചെയ്തു തുടങ്ങാവുന്നതാണ്. കേരള സമൂഹം ഇപ്പോൾ പിന്തുടരുന്ന ഊർജ്ജധാരാളിത്ത ജീവിതശൈലിയിൽ നിന്നും എങ്ങനെ സുസ്ഥിരവും സാമൂഹികവുമായ ഒരു ജീവിതക്രമത്തിലേക്ക് സ്വന്തം ജീവിതപരിസരങ്ങളെ പരിവർത്തനം ചെയ്യാം എന്ന് നാം ഓരോരുത്തരും ആലോചിക്കേണ്ടതുണ്ട്. ദുരന്ത ലഘൂകരണ പ്രക്രിയയുടെ ഭാഗമായ പരിസ്ഥിതി പരിപാലന പരിപാടികൾ സഫലീകരിക്കപ്പെടുന്നതും ഓരോ മേഖലയിലുമുള്ള അത്തരം സൂക്ഷ്മമായ മാറ്റങ്ങളിലൂടെയാകും. കേരളത്തെ രക്ഷിക്കാൻ നീട്ടിയ കൈകൾ അങ്ങനെ പല മേഖലകളിലേക്ക് പടരട്ടെ. ഭരണകൂടം പതിവുകളിലേക്ക് മടങ്ങിയെങ്കിലും കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി വരാൻ പോകുന്ന ദുരന്തങ്ങൾ മനുഷ്യസമൂഹത്തെ ഒന്നാകെയാണ് ബാധിക്കാൻ പോകുന്നത് എന്നത് പൗരസമൂഹമെങ്കിലും വിസ്മരിക്കാതിരിക്കട്ടെ. അങ്ങനെ ചിന്തിക്കു



മണ്ണിടിച്ചിലിന്റെ ഭീകരത, മൂന്നാറിൽ നിന്നുള്ള ദൃശ്യം

മ്പോൾ വ്യക്തിഗത ജീവിതശൈലികളുടെ തിരുത്തലുകൾക്കപ്പുറം പലതും നമുക്ക് കൂട്ടായും ചെയ്യേണ്ടതായി ബോധ്യപ്പെടും. ആ ബോധ്യത്തെ പ്രവർത്തനങ്ങളിലേക്ക് പരിഭാഷപ്പെടുത്താനുള്ള വഴികൾ എന്തെല്ലാമാണെന്ന് നോക്കാം.

**ഇടപെടൽ സാധ്യതകൾ എവിടെ?**

ഭരണകൂട സംവിധാനങ്ങൾക്ക് പുറത്ത് വ്യക്തിഗത-സാമൂഹിക തലങ്ങളിലുള്ള ഇടപെടലുകൾ സാധ്യമായിരിക്കുമ്പോൾ തന്നെ സ്റ്റേറ്റിന്റെ പ്രളയാനന്തര പുനർനിർമ്മാണ പരിപാടിയിൽ തിരുത്തലുകൾ നടത്തിക്കൊണ്ട് പൗരസമൂഹത്തിന് ഇടപെടാൻ കഴിയുന്ന ഒരിടവും നമ്മുടെ ജനാധപത്യ വ്യവസ്ഥയ്ക്കുള്ളിലുണ്ട്. അത് തീർച്ചയായും തദ്ദേശീയ ജനാധിപത്യ സ്ഥാപനങ്ങളിലും അധികാരവികേന്ദ്രീകരണ പ്രക്രിയയുടെ ഭാഗമായ സംവിധാനങ്ങളിലും പങ്കുചേർന്നുകൊണ്ടുള്ള പ്രവർത്തനമാണ്. ദുരന്തത്തിന്റെ വ്യാപ്തിയെക്കുറിച്ചും പുനർനിർമ്മാണത്തെക്കുറിച്ചും തദ്ദേശീയസമൂഹത്തിനും സ്ഥാപനങ്ങൾക്കുമുള്ള അറിവും ധാരണയും കേന്ദ്രീകൃത ഭരണസംവിധാനത്തിന് തീർത്തും അപ്രാപ്യമാണ്. എന്നിട്ടും  അടിയന്തിരമായി നടപ്പിലാക്കേണ്ട ദുരന്താനന്തര ക്ഷേമപ്രവത്തനങ്ങളുടെ ഭാരിച്ച ഉത്തരവാദിത്തം മാത്രം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ദീർഘകാല പുനരധിവാസത്തെ സംബന്ധിച്ച നിർണ്ണായക തീരുമാനങ്ങൾ സംസ്ഥാനതലത്തിലും, പ്രത്യേകിച്ച് മുഖ്യമന്ത്രിയുടെ ഓഫീസ് കേന്ദ്രീകരിച്ചുമാണ് നടത്തപ്പെടുന്നത്. ജനാധികാരത്തെയും അധികാര വികേന്ദ്രീകരണത്തെയും മാനിക്കാത്തതരത്തിലുള്ള വികസന നയരൂപീകരണങ്ങളിൽ സർക്കാർ ഉറച്ചു നിൽക്കുകയാണ്. മുകളിൽ നിന്നും തീരുമാനിക്കപ്പെടുന്ന വികസന പരിപാടികളുടെ നടത്തിപ്പുകാരായി 'നവകേരള'ത്തിലും തദ്ദേശീയ ജനാധിപത്യ സ്ഥാപനങ്ങൾ തുടരുമെന്ന് ഉറപ്പായിരിക്കുന്നു. പക്ഷെ പൗരസമൂഹത്തെ സംബന്ധിച്ച് തദ്ദേശീയ ജനാധിപത്യത്തിന്റെ സാധ്യതകളിൽ നയപരമായ തിരുത്തലുകൾക്കുള്ള ഇടം കണ്ടെത്തുക എന്നത് ഒരു അടിയന്തര ആവശ്യമായി തന്നെ നിലനിൽക്കുന്നുണ്ട്. അധികാരകേന്ദ്രീകരണത്തിന്റെ അഹിതകരമായ അന്തരീക്ഷം അതിശക്തമായിത്തന്നെ നിലയുറപ്പിച്ചിരിക്കുന്ന സമകാലിക ഇന്ത്യൻ സാഹചര്യത്തിൽ നിഷ്പ്രയോജനകരമാണെന്ന് തോന്നാമെങ്കിലും തിരുത്തലുകൾക്കുള്ള ഈ ഒരു തദ്ദേശീയ സാധ്യത നമ്മൾ പരീക്ഷിക്കാതെ പോകരുത്. അധികാരവികേന്ദ്രീകരണ പ്രക്രിയയെ ശക്തിപ്പെടുത്തേണ്ടത് പൗരരുടെ ഭരണഘടനാപരമായ ഉത്തരവാദിത്തം കൂടിയാണെന്നതും ഓർക്കുക. കേരളത്തിലെ അധികാരവികേന്ദ്രീകരണ പ്രക്രിയ സമൂലമായ ഒരു പരിവർത്തനം ആവശ്യപ്പെടുന്ന കാലത്താണ് ഇത്തരം ഒരു ദുരന്തമുണ്ടായത് എന്നത് അതിലേക്കുള്ള ഒരു വഴിതുറക്കലായി കണക്കിലെടുക്കാം. കേന്ദ്രീകൃത വികസനാസൂത്രണങ്ങളുടെ പരാജയം കൂടി ദുരന്തകാരണമായി വിലയിരുത്തിക്കൊണ്ടുതന്നെ തീരുമാനങ്ങളെ അടിത്തട്ടിലേക്ക് കൊണ്ടുവരാം. വികസനത്തെ സംബന്ധിച്ച അവസാന തീർപ്പുകൾ, പ്രത്യേകിച്ച് തദ്ദേശീയ വിഭവങ്ങളുടെ വിനിയോഗത്തെക്കുറിച്ചും പരിപാലനത്തെക്കുറിച്ചുമുള്ള സുപ്രധാനമായ നയരൂപീകരണങ്ങൾ ഗ്രാമസഭാ തലത്തിൽ തന്നെ നടക്കുന്ന തരത്തിൽ പഞ്ചായത്തീരാജ് സംവിധാനങ്ങളെ ശക്തിപ്പെടുത്തുന്ന ഇടപെടലുകൾ ആണ് ഇപ്പോൾ ഉണ്ടാകേണ്ടത്. ഭരണകൂടത്തെ അധികാരകേന്ദ്രമായി സങ്കൽപ്പിക്കുന്ന ആധുനിക രാഷ്ട്രമീമാംസയുടെ അധികാര സങ്കൽപ്പം തിരുത്തപ്പെട്ടാൽ മാത്രമേ ഇന്ന് നമ്മൾ അനുഭവിക്കുന്ന വിനാശകരമായ വികസന സമീപനങ്ങളിൽ മാറ്റമുണ്ടാവുകയുള്ളൂ. എങ്കിൽ മാത്രമേ പരിസ്ഥിതി പരിപാലനവും വിഭവസംരക്ഷണവും ഉറപ്പുവരുത്താൻ കഴിയുന്ന സ്ഥായിയായ പുരോഗതി സാധ്യമാകൂ. ജനങ്ങളുടെ സ്വാധികാരത്തെ അംഗീകരിക്കുന്ന ഒരു പുനർനിർമ്മാണ പരിപാടിയുടെ പ്രാധാ

ന്യം അതാണ്. അധികാരകുത്തകയെ ചോദ്യം ചെയ്യാതെ മുന്നോട്ടുപോകാൻ കഴിയാത്ത സ്ഥിതിയിലാണ് ജനാധിപത്യം എത്തി നിൽക്കുന്നത്. അതുകൊണ്ടുതന്നെ എല്ലാത്തരം ജനവിഭാഗങ്ങൾക്കും പ്രാപ്യമായ ഇടങ്ങളിൽ പുനർനിർമ്മാണത്തെക്കുറിച്ചുള്ള ചർച്ചകൾ നടത്തപ്പെടട്ടെ. ഗ്രാമസഭകളെത്തന്നെ അതിന് വേദികളാക്കാൻ ഭരണഘടനാ ചുതലകൾ വഹിക്കുന്ന രാഷ്ട്രീയ-ഉദ്യോഗസ്ഥ നേതൃത്വവും ഒപ്പം പൗരസമൂഹവും മുൻകൈയെടുക്കേണ്ടതുണ്ട്. കേവലം ക്ഷേമ കാര്യങ്ങളുടെ വിതരണ സംവിധാനം മാത്രമായി ചുരുക്കപ്പെട്ട ഗ്രാമസഭകളെ നവകേരളത്തിനായുള്ള നയരൂപീകരണത്തിന്റെ ഏറ്റവും അടിസ്ഥാന യൂണിറ്റായി പരിഗണിക്കുകയാണ് വേണ്ടത്. പഞ്ചായത്തീരാജ് നിയമത്തിന്റെ അപര്യാപ്തകൾ അതിന് തടസ്സമായി മാറുന്നെങ്കിൽ നിയമം തന്നെ അത്തരത്തിൽ പരിഷ്കരിക്കുക. ജനാധിപത്യം നേരിടുന്ന അപചയങ്ങൾക്ക് പരിഹാരം കൂടുതൽ ജനാധിപത്യവത്കരണം എന്നതു മാത്രമാണ്. ജനകീയാസൂത്രണത്തിന്റെ നടത്തിപ്പുകാരായി മേനി പറയുന്ന ഇടതുപക്ഷത്തിനും ഇടത് സർക്കാരിനും പുനർനിർമ്മാണത്തിലെ ജനാധിപത്യത്തെക്കുറിച്ച് കാഴ്ച്ചപ്പാടുതന്നെയില്ല. കേരളത്തിലെ വികേന്ദ്രീകൃത ഭരണസമ്പ്രദായത്തെ ത്വരിതപ്പെടുത്തുന്നതിനായി ഏറെ ശ്രമിച്ച ഡോ. എം.എ. ഉമ്മൻ അദ്ദേഹത്തിന്റെ ആത്മകഥയിൽ ഇടതുപക്ഷത്തിന്റെ ഈ നിസ്സംഗതയെക്കുറിച്ച് വ്യക്തമായി പറയുന്നുണ്ട്. "പ്രാതിനിധ്യ ജനാധിപത്യത്തിന്റെ പരാധീനതകൾ കുറയ്ക്കുന്നതിൽ പങ്കാളിത്ത തദ്ദേശഭരണത്തിന് നിർണ്ണായക പങ്കു വഹിക്കാനുണ്ട്. പക്ഷെ ഈ പരീക്ഷണം ശക്തമായി മുന്നോട്ടുകൊണ്ടുപോകുന്നതിൽ കേരളം വേണ്ടത്ര വിജയിച്ചിട്ടില്ല എന്നതാണ് തിരിഞ്ഞുനോക്കുമ്പോൾ തോന്നുക. സന്ദർഭത്തിന്റെ ചരിത്രപ്രാധാന്യം അവഗണിച്ചതിനുള്ള ഉത്തരവാദികൾ അത് നിർവ്വഹിക്കേണ്ട ഇടതുമുന്നണി തന്നെയാണ് എന്നാണ് എന്റെ പക്ഷം."

**പകരം എന്താണ് നടക്കുന്നത്?**

സർക്കാർ മുന്നോട്ടുവയ്ക്കുന്ന പുനർനിർമ്മാണ പരിപാടിയുടെ നിർണ്ണായകമായ നടത്തിപ്പു ചുമതലകൾ മുഖ്യമന്ത്രിയുടെ ഓഫീസിനെയും റവന്യൂവകുപ്പിനെയുമാണ് ചുറ്റിത്തിരിയുന്നത്. നവകേരള നിർമ്മിതിയുടെ ചുക്കാൻ പിടിക്കാൻ പോകുന്നത് മന്ത്രിസഭയാണ്. നവകേരള ഉപദേശകസമിതിയിൽ എം.എ. യൂസഫലിക്കും കിട്ടിയിട്ടുണ്ട് ഒരിടം (പാർശ്വവത്കൃത വിഭാഗങ്ങളുടെ ഒരു പ്രതിനിധി പോലും അതിൽ ഉൾപ്പെട്ടിട്ടില്ല). പുനർനിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ച് ഇവരെയെല്ലാം ഉപദേശിക്കാനുള്ള ചുമതല കെ.പി.എം.ജി എന്ന കോർപ്പറേറ്റ് ഓഡിറ്റിംഗ് ഭീമനും നൽകിയിരിക്കുന്നു. ചങ്ങാത്ത മുതലാളിത്ത കാലത്തെ ദല്ലാൾപ്പണിക്ക് പേരുകേട്ട കമ്പനിയെത്തന്നെ നവകേരളത്തെക്കുറിച്ച് ചിന്തിക്കാൻ ഏർപ്പാടാക്കിയിരിക്കുന്നു. സ്വന്തം ഇടപാടുകാർക്ക് വേണ്ടി സർക്കാർ നയങ്ങളെ മാറ്റിത്തീർക്കുകയും അതിനുവേണ്ടി ബ്യൂറോക്രസിയുടെ ഭാഗമായി നിൽക്കുന്ന ഉന്നതരെ സ്വാധീനിക്കുകയും ചെയ്യുന്ന പിൻവാതിൽ പരിപാടികളാണ് കെ.പി.എം.ജി നടത്തുന്നതെന്ന് നിരവധി റിപ്പോർട്ടുകളുണ്ടായിട്ടും മുഖ്യമന്ത്രി അവരുടെ ബൗദ്ധിക സേവനം തന്നെ സ്വീകരിക്കാൻ ഉറപ്പിച്ചിരിക്കുകയാണ്. സൗജന്യ സേവനമാണത്രേ അവർ നൽകാൻ പോകുന്നത്. പുനർനിർമ്മാണത്തിന്റെ ഭാഗമായി നടക്കാൻ പോകുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ കരാർ ഏതെല്ലാം ആഗോള ഭീമന്മാർക്ക് നൽകണം എന്നതായിരിക്കും കെ.പി.എം.ജിയുടെ പ്രധാന സൗജന്യ ഉപദേശം. അത്തരം ഒരു ഉപദേശം സൗജന്യമായി നൽകിയാലും കരാർ തരപ്പെടുത്തുന്ന കോർപ്പറേറ്റ് കമ്പനി കെ.പി.എം.ജിയുടെ കൂലി കൃത്യമായി കൈമാറി നൽകുമെന്ന് വ്യക്തം. ആഗോള സമൂഹത്തിന്റെ സാമ്പത്തിക പിന്തുണതേടി മുഖ്യമന്ത്രി യാത്രകൾ നടത്തുന്നുണ്ടെങ്കിലും കേരളത്തെ സഹായിക്കാൻ സന്നദ്ധമായി രംഗത്തെത്തിയിരിക്കുന്ന പ്രധാന സ്ഥാപനം ലോക ബാങ്കാണ്. ലോക ബാങ്ക് പ്രതിനിധികൾ കേരളത്തിലെ ദുരന്തമേഖലകൾ സന്ദർശിക്കുകയും പലതരത്തിലുള്ള സഹായങ്ങൾ വാഗ്ദാനം ചെയ്യുകയും ചെയ്യുന്നുണ്ട്. ഈ സഹായം (സഹായം എന്നാണ് പറയുന്നതെങ്കിലും വാസ്തവത്തിൽ അവർ നൽകുന്നത് വായ്പയാണ്) മുഖ്യമായും വരാൻ പോകുന്നത് അടിസ്ഥാന സൗകര്യങ്ങളുടെ പുനർനിർമ്മാണ പരിപാടികളിലേക്കാണ്. അതായത് നിർമ്മാണ മേഖലയിലേക്ക്. കാലവർഷക്കെടുതിയുടെ ഭാഗമായ ഏറ്റവും വലിയ നഷ്ടം ജീവനോപാധികളുടെ നാശമാണ്. ഒരു വലിയ ജനസമൂഹത്തെ അത് കൂടുതൽ ദാരിദ്ര്യത്തിലേക്ക് തള്ളിവിട്ടിട്ടുണ്ട്. ആ നഷ്ടങ്ങൾ നികത്തുന്നതിന്, ഉപജീവനമാർഗ്ഗങ്ങൾ വീണ്ടെടുക്കുന്നതിന് ജനങ്ങളെ സഹായിക്കുക എന്നത് ലോക ബാങ്കിനെ സംബന്ധിച്ച് അത്ര ലാഭകരമായ പരിപാടിയല്ല. വിപണി മുതലാളിത്തത്തിന്റെ നിക്ഷിപ്ത താത്പര്യങ്ങൾക്ക് ഗുണകരമായ നവലിബറൽ പരിഷ്കരണങ്ങൾ

ക്ക് വായ്പ നൽകുന്നതാണ് അവരുടെ നടപ്പുരീതി. ഇപ്പോഴത്തെ അവസ്ഥയിൽ അതും ഒരു ആശ്വാസമായി തോന്നുമെങ്കിലും വായ്പകൾ കണ്ണടച്ച് സ്വീകരിക്കാൻ കഴിയുന്നതരത്തിലുള്ള ഒരു സാമ്പത്തികാവസ്ഥയിലല്ല കേരളം എന്നത് മറക്കരുത്. വായ്പ്പാത്തുക വരുമാനത്തേക്കാൾ വർദ്ധിച്ച് പലിശപോലും കൊടുക്കാൻ കഴിയാത്ത ഒരു കടക്കെണിയിലേക്ക് കേരളം അകപ്പെടാനും സാധ്യതയുണ്ട്. 1997-98 മുതൽ പദ്ധതിച്ചെലവുകൾ പൂർണ്ണമായും വായ്പയെ ആശ്രയിച്ച് നിർവ്വഹിക്കുന്ന ഒരു സംസ്ഥാനം എന്ന നിലയിലും കേരളം സൂക്ഷിക്കേണ്ടതുണ്ട്. പക്ഷെ അത്തരം കരുതലുകളൊന്നും സർക്കാരിന്റെ ഭാഗത്ത് നിന്നും കാണുന്നില്ല എന്നത് നിർഭാഗ്യകരമാണ്. ലോകബാങ്കിന്റേത് പദ്ധതി വായ്പയല്ല, ഘടനാക്രമീകരണ നയപരിപാടി (structural adjustment programmes) വായ്പയാണ് എന്നറിഞ്ഞിട്ടും ഇടതുസർക്കാർ വളരെ മുമ്പുതന്നെ അതിന് വഴങ്ങിക്കൊടുത്തിട്ടുള്ളതാണ്. ദുരന്തം അത് കുറച്ചുകൂടി സുഗമമാക്കി. എന്തായാലും ജനങ്ങളുടെ ജീവനോപാധികൾക്കുണ്ടായ നഷ്ടം നികത്താൻ നയപരിപാടികളൊന്നും രൂപീകരിക്കപ്പെടാൻ പോകുന്നില്ല എന്നതാണ് സത്യം. കാരണം ജീവനോപാധികളുടെ വീണ്ടെടുക്കൽ പ്രക്രിയ വിഭവങ്ങളുടെ സുസ്ഥിരമായ പരിപാലനത്തിലൂടെയും പരിസ്ഥിതി പുനസ്ഥാപനത്തിലൂടെയും മാത്രമെ സാധ്യമാകൂ. അത് വിപണി മുതലാളിത്തത്തിന് അത്ര ലാഭകരമായ കാര്യമല്ലാത്തതിനാൽ വലിയ പുനർനിർമ്മാണ സഹായങ്ങളൊന്നും ഇക്കാര്യത്തിൽ പ്രതീക്ഷിക്കേണ്ടതില്ല. അതാണ് തദ്ദേശീയ ജനാധിപത്യത്തിന്റെ സാധ്യതകളെ പ്രസക്തമാക്കുന്നത്. എന്നാൽ ജനകീയാസൂത്രണമോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ ഒന്നും നവകേരള നിർമ്മിതിയെക്കുറിച്ച് ആലോചിച്ച മന്ത്രിസഭാ യോഗത്തിൽ കടന്നുവന്നതേയില്ല. കാര്യങ്ങളെല്ലാം ഞങ്ങൾ നിശ്ചയിച്ചുകൊള്ളാം എന്ന് മുഖ്യമന്ത്രി തന്നെ വ്യക്തമാക്കിയ സ്ഥിതിക്ക് ജനങ്ങൾ അവരുടെ സ്വാധികാരത്തെ ഉറപ്പിക്കുക എന്നതുമാത്രമാണ് നവകേരള നിർമ്മിതിയിൽ പൗരസമൂഹത്തിന്റെ പങ്ക്.

വായ്പകൾ കണ്ണടച്ച് സ്വീകരിക്കാൻ കഴിയുന്നതരത്തിലുള്ള ഒരു സാമ്പത്തികാവസ്ഥയിലല്ല കേരളം എന്നത് മറക്കരുത്. വായ്പ്പാത്തുക വരുമാനത്തേക്കാൾ വർദ്ധിച്ച് പലിശപോലും കൊടുക്കാൻ കഴിയാത്ത ഒരു കടക്കെണിയിലേക്ക് കേരളം അകപ്പെടാനും സാധ്യതയുണ്ട്. 1997-98 മുതൽ പദ്ധതിച്ചെലവുകൾ പൂർണ്ണമായും വായ്പയെ ആശ്രയിച്ച് നിർവ്വഹിക്കുന്ന ഒരു സംസ്ഥാനം എന്ന നിലയിലും കേരളം സൂക്ഷിക്കേണ്ടതുണ്ട്. പക്ഷെ അത്തരം കരുതലുകളൊന്നും സർക്കാരിന്റെ ഭാഗത്ത് നിന്നും കാണുന്നില്ല എന്നത് നിർഭാഗ്യകരമാണ്.

**കോർപ്പറേറ്റുകളുടെ കടന്നുവരവ്**

പ്രാദേശികതലത്തിൽ നടക്കേണ്ട പുനർനിർമ്മാണ പരിപാടികളിൽ തദ്ദേശീയ ജനാധിപത്യ സ്ഥാപനങ്ങൾക്കും ജനങ്ങൾക്കും പങ്കില്ലാതെ വരുമ്പോൾ ആ ഇടം മറ്റ് പല സ്ഥാപിത താത്പര്യക്കാരും കയ്യേറുന്ന കാഴ്ചയും കണ്ടുതുടങ്ങിയിരിക്കുന്നു. ദുരന്തത്തെ തുടർന്ന് ജനജീവിതം ദുസ്സഹമായ പല ഗ്രാമങ്ങളിലും കോർപ്പറേറ്റ് സോഷ്യൽ റസ്പോൺസിബിലിറ്റി (സി.എസ്.ആർ) ഫണ്ട് വിനിയോഗിച്ചുകൊണ്ട് ചില സ്വകാര്യ കമ്പനികൾ ജനസേവകരായി രംഗത്തെത്തിയിട്ടുണ്ട്. ഈ ഗ്രാമത്തിനെ/പഞ്ചായത്തിനെ തങ്ങൾ 'അഡോപ്റ്റ്' ചെയ്യുന്നു (ദത്തെടുക്കുന്നു) എന്നാണ് ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്ന കമ്പനികൾ പല സ്ഥലത്തും പറയുന്നത്. പഞ്ചായത്ത് എന്ന് പറയുന്നത് ഭരണഘടനാനുസൃതമായ ഒരു ജനാധിപത്യ സ്ഥാപനം ആണെന്നിരിക്കെ എങ്ങനെയാണ് അതിനെ ദത്തെടുക്കാൻ കഴിയുന്നത് എന്ന ഒരു മർമ്മപ്രധാനമായ ചോദ്യം ഇവിടെ ഉന്നയിക്കപ്പെടേണ്ടതുണ്ട്. കോർപ്പറേറ്റുകളുടെ സാമൂഹ്യ ഉത്തരവാദിത്ത ഫണ്ട് ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കപ്പെടുന്നത് ഒരു നടപ്പുരീതിയായി മാറിയിട്ട് ഏറെക്കാലമായി. കമ്പനി നിയമം അനുസരിച്ച് 1000 കോടിയിൽ അധികം വിറ്റുവരവോ, 500 കോടി രൂപ അറ്റാദായമോ ഉള്ള എല്ലാ കമ്പനികളും അവരുടെ ലാഭത്തിന്റെ രണ്ട് ശതമാനം സാമൂഹ്യ ഉത്തരവാദിത്തം നിർവ്വഹിക്കുന്നതിനായി ചെലവഴിക്കണം എന്നുണ്ട്. കോർപ്പറേറ്റ് ലോകവും ചില രാഷ്ട്രീയ നേതൃത്വങ്ങളും ഈ നിയമത്തിന് അന്ന് എതിരായിരുന്നു. പാർലമെന്റിൽ ഭൂരിപക്ഷ അംഗങ്ങളും കോർപ്പറേറ്റ് താത്പര്യത്തിന് എതിരായി നിന്നതുകൊണ്ട് മാത്രമാണ് കമ്പനി നിയമത്തിൽ ഈ ഭേദഗതി വന്നത്. അതോടെ ലാഭവിഹിതം സാമൂഹ്യ ഉത്തരവാദിത്തത്തിനായി



ചെറുതോണി ചപ്പാത്ത് പ്രളയത്തിന് ശേഷം

വിനിയോഗിക്കാൻ കമ്പനികൾ നിർബന്ധിതരായി. പക്ഷെ പിന്നീട് പല കമ്പനികളും ജനകീയ അടിത്തറ വിപുലപ്പെടുത്തുന്നതിനും കോർപ്പറേറ്റ് കൊള്ളരുതായ്മകൾ മറച്ചുവയ്ക്കുന്നതിനുമുള്ള ഒരു സാധ്യതയായി ഇതിനെ കണ്ടു. 2014 ഫെബ്രുവരിയിലാണ് കേന്ദ്ര സർക്കാർ ഇതു സംബന്ധിച്ച് ചട്ടങ്ങൾ കൊണ്ടുവരുന്നത്. ഇതുപ്രകാരം കമ്പനിയുടെ സാധാരണ പ്രവർത്തനത്തിന്റെ ഭാഗമോ കമ്പനിജീവനക്കാർക്ക് നേട്ടമുണ്ടാകുന്ന പരിപാടികളോ ആകരുത് നടപ്പിലാക്കുന്നത് എന്ന് പറയുന്നുണ്ട്. കമ്പനിക്ക് നേരിട്ട് പണം ചിലവഴിക്കാം, അല്ലെങ്കിൽ ട്രസ്റ്റോ സൊസൈറ്റിയോ രൂപീകരിച്ച് ചിലവഴിക്കാം. പ്രളയാനന്തരം ഉണ്ടായ ദുരന്തനിവരാണ പ്രവർത്തനങ്ങളിലേക്കും ഇത്തരത്തിലുള്ള സഹായങ്ങൾ ഏറെ എത്തുന്നുണ്ട്. പക്ഷെ തദ്ദേശീയ ജനാധിപത്യ സ്ഥാപനങ്ങളെ ദുർബലപ്പെടുത്തുന്നതരത്തിൽ അത് മാറുന്നുണ്ടോ എന്ന് പരിശോധിക്കപ്പെടേണ്ടതാണ്. അല്ലെങ്കിൽ വികസന-ക്ഷേമ കാര്യങ്ങളിലുണ്ടാകേണ്ട പങ്കാളിത്ത ജനാധിപത്യ പ്രക്രിയയെ റദ്ദുചെയ്യുകയും കോർപ്പറേറ്റുകൾ ഒരു നാട്ടിൽ എന്താണ് വേണ്ടതെന്ന് തീരുമാനിക്കുന്ന അവസ്ഥ സംജാതമാവുകയും ചെയ്യുകയാകും ഫലം. പിന്നീട് അവർ ഒരു സർക്കാർ തന്നെയായി രൂപപ്പെട്ടേക്കാം എന്നതിന് കേരളത്തിൽ തന്നെ ഉദാഹരണമുണ്ടല്ലോ. കിഴക്കമ്പലം പഞ്ചായത്തിലെ ട്വന്റി-ട്വന്റി അത്തരത്തിലുള്ള ഒരു ഇടപെടലായിരുന്നു. അവിടെ പ്രവർത്തിക്കുന്ന കിറ്റെക്സ് കമ്പനിയുടെ സി.എസ്.ആർ ഫണ്ട് വിനിയോഗത്തിനായി രൂപപ്പെടുത്തിയ സംവിധാനമായിരുന്നു ട്വന്റി-ട്വന്റി. നിയമപ്രകാരം ലാഭവിഹിതം ചിലവഴിക്കാനുള്ള സംവിധാനമായ സി.എസ്.ആറിനെ രാഷ്ട്രീയാധികാരത്തിനായി ഉപയോഗിക്കുകയായിരുന്നു ട്വന്റി-ട്വന്റി. കമ്പനിയുടെ ലാഭവിഹിതത്തിന്റെ വിതരണത്തിലൂടെ പഞ്ചായത്തിന്റെ ഭരണം വരെ അവർ പിടിച്ചെടുക്കുന്ന സ്ഥിതിയുണ്ടായി. വൻതോതിൽ പണം ചിലവഴിച്ച് കോർപ്പറേറ്റുകൾ ജനാധിപത്യ സംവിധാനങ്ങളുടെ ഭാഗമായിമാറുന്നത് ഉദാരവത്കരണ കാലത്ത് ഏറെ അപകടകരമായ കാര്യമാണ്. പ്രളയാനന്തരം നടക്കുന്ന 'അഡോപ്റ്റേഷൻ' വാർത്തകൾ അതുകൊണ്ടുതന്നെ പൗരസമൂഹം ശ്രദ്ധയോടെ പരിഗണിക്കേണ്ടതുണ്ട്. പങ്കാളിത്ത ജനാധിപത്യം ശക്തിപ്പെട്ടില്ലെങ്കിൽ അത് ജനാധിപത്യ വ്യവസ്ഥയുടെ തന്നെ തകർച്ചയിലേക്ക് നയിക്കപ്പെടും എന്നതിന് തെളിവാണിത്.

**തുറക്കേണ്ട ചില സാധ്യതകൾ**

2019-20 സാമ്പത്തിക വർഷത്തേക്കുള്ള പദ്ധതികൾ തയ്യാറാക്കുന്നതിന് മുന്നോടിയായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കാലാവസ്ഥ വ്യതിയാനം, ജൈവവൈവിധ്യ മാനേജ്മെന്റ്, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം എന്നീ വിഷയങ്ങളിൽ ഒരു വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കണമെന്ന് തദ്ദേശ സ്വയംഭരണ ഗ്രൂപ്പിന്റെ ഉത്തരവ് സെപ്തംബർ 22ന് പുറത്തിറങ്ങിയിരുന്നു. കാലവർഷക്കെടുതികളെ തുടർന്നുണ്ടായ ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ സ്വമേധയാ സേവനം നൽകാൻ സന്നദ്ധമായ യുവജനങ്ങളെയും

പ്രസ്തുത വിഷയങ്ങളിൽ വൈദഗ്ധ്യവും പ്രവർത്തന പരിചയവുമുള്ളവരെയും വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുത്തണമെന്നും നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിളെ സംബന്ധിച്ച തീരുമാനങ്ങളിൽ ഈ വർക്കിംഗ് ഗ്രൂപ്പിന്റെ നിർദ്ദേശങ്ങളും ഉൾച്ചേർക്കണമെന്നും ഉത്തരവിൽ പറയുന്നുണ്ട്. അങ്ങനെ തയ്യാറാക്കുന്ന പദ്ധതി രേഖ നവംബറിൽ ഗ്രാമസഭകളിൽ ചർച്ച ചെയ്യണമെന്നും ഡിസംബറോടെ അന്തിമരൂപം നൽകണമെന്നുമാണ് സർക്കാർ നിർദ്ദേശം. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മിക്കതും ഇത്തരം സാധ്യതകളെ പതിവായി തമസ്കരിക്കുന്ന, അഴിമതിയും കെടുകാര്യസ്ഥതയും കക്ഷിരാഷ്ട്രീയ വൈരാഗ്യങ്ങളും അരങ്ങേറുന്ന ഇടങ്ങളായി മാറിയിട്ട് ഏറെക്കാലമായി. ഭരണസമിതികളിൽ പ്രാതിനിധ്യമുള്ള കേരളത്തിലെ മുഖ്യ രാഷ്ട്രീയ കക്ഷികൾ അധികാര വികേന്ദ്രീകരണ പ്രക്രിയയോട് പുലർത്തുന്ന രാഷ്ട്രീയമായ സത്യസന്ധതക്കുറവും പങ്കാളിത്ത ജനാധിപത്യത്തെ നിർജ്ജീവമാക്കിയിട്ടുണ്ട്. എങ്കിലും ദുരന്തകാലത്തുണ്ടായ ഒരു ഉണർവിനെ നിലനിർത്തിക്കൊണ്ടുതന്നെ പുനർനിർമ്മാണ പ്രക്രിയയിൽ ഇടപെടാനുള്ള ഒരു സാധ്യതയായി ഈ വർക്കിംഗ് ഗ്രൂപ്പിനെയും തുടർന്ന് നടക്കുന്ന ഗ്രാമസഭകളെയും നമുക്ക് പരിഗണിക്കാം. ജനങ്ങൾ തിരുത്തൽ ശക്തിയായി ജാഗ്രതയോടെ നിലനിൽക്കുമ്പോൾ മാത്രമേ അധികാര വികേന്ദ്രീകരണ പ്രക്രിയയ്ക്ക് തുടർച്ചകളുണ്ടാകൂ. വ്യക്തിഗത ഗുണഭോക്താവ് എന്ന നിലയിലല്ല, ജനാധിപത്യപ്രക്രിയയിൽ ഇടപെടുന്ന പൗരർ എന്ന നിലയിൽ സാമൂഹ്യതാത്പര്യത്തോടെ ഗ്രാമസഭകളിൽ പങ്കുചേരുമ്പോഴാണ് അത് സാധ്യമാകുന്നത്. അതല്ലെങ്കിൽ തദ്ദേശീയ ജനാധിപത്യ സ്ഥാപനങ്ങൾ, പ്രത്യേകിച്ച് ഗ്രാമസഭകൾ നവലിബറൽ ജനക്ഷേമത്തിന്റെ വായ്പാ വിതരണ സംവിധാനം മാത്രമായി അധഃപതിക്കും. ജനപങ്കാളിത്തത്തോടെയുള്ള വിഭവാധിഷ്ഠിത ആസൂത്രണ പ്രക്രിയയുടെ ഏകോപനത്തിൽ നിന്നും വഴിമാറി ലോകബാങ്ക്-എ.ഡി.ബി പദ്ധതികളുടെ നടത്തിപ്പുകാരായി പ്രാദേശിക ഭരണ സംവിധാനങ്ങൾ തുടരും. സമാനതകളില്ലാത്ത ഒരു ദുരന്തത്തിലൂടെ കേരളം കടന്നുപോയ ശേഷവും ഈ സ്ഥിതി തുടരേണ്ടിവരുന്നത് എത്ര ദയനീയമാണ്. അധികാര വികേന്ദ്രീകരണ പ്രക്രിയയെ പുതിക്കിപ്പണിയാനുള്ള അവസരമായി ദുരന്താനന്തര കാലത്തെ പരിഗണിക്കുന്നില്ലെങ്കിൽ ജനവിരുദ്ധവും പരിസ്ഥിതിയെ നശിപ്പിക്കുന്നതുമായ വികസന നയങ്ങൾ കേരളത്തെ കാർന്നുതിന്നുകതന്നെ ചെയ്യും.

**അനിവാര്യമായ തിരുത്തലുകൾ**

നവകേരളം എന്ന പ്രയോഗമല്ലാതെ ഒട്ടും പുതുമയില്ലാത്ത പുനർനിർമ്മാണ പരിപാടികളാണ് സർക്കാർ നടത്താൻ പോകുന്നത് എന്നതിന് വ്യക്തതവരുന്ന സംഭവങ്ങളാണ് പ്രളയാനന്തരം കടന്നുപോയത്. അതിൽ ഏറ്റവും ദയനീയം പ്രളയക്കെടുതി ചർച്ചചെയ്യാൻ കൂടിയ പ്രത്യേക നിയമസഭാ സമ്മേളനം ആയിരുന്നു. ഇത്രവലിയ ദുരന്തത്തിലൂടെ കടന്നുപോകേണ്ട സ്ഥിതിയുണ്ടായിട്ടും കേരളത്തിന്റെ വീണ്ടെടുക്കലിനെക്കുറിച്ചും ദുരന്ത ലഘൂകരണത്തെക്കുറിച്ചും വ്യക്തമായ ദിശാസൂചനകളൊന്നും നൽകാത്ത ഒരു പ്രമേയം മുഖ്യമന്ത്രി അവതരിപ്പിക്കുകയും സഭ ഐകകണ്ഠേന അത് അംഗീകരിക്കുകയും ചെയ്തു. അതിബൃഹത്തായ പുനരധിവാസ-പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള ധനസമാഹരണം എന്നതായിരുന്നു പ്രമേയത്തിന്റെ ഊന്നൽ, പിന്നെ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പങ്കുചേർന്നവർക്കുള്ള നന്ദിയും. പഴയ രൂപത്തിലുള്ള കേരളമല്ല, പുതിയ കേരളമാണ് നിർമ്മിച്ചെടുക്കാൻ പോകുന്നതെന്ന് ആഗസ്റ്റ് 21ന് നടന്ന മന്ത്രിസഭാ യോഗത്തിൽ തന്നെ തീരുമാനിച്ചിരുന്നെങ്കിലും ആഗസ്റ്റ് 30ന് നടന്ന നിയമസഭാ സമ്മേളനത്തിലും മുഖ്യമന്ത്രിയുടെ പ്രമേയത്തിലും അതിന്റെ വിശദാംശങ്ങളൊന്നും കടന്നുവന്നതേയില്ല. എട്ടേമുക്കാൽ മണിക്കൂർ നീണ്ടുനിന്ന ചർച്ചയിൽ ഭരണപക്ഷവും പ്രതിപക്ഷവും തമ്മിൽ ശക്തമായ വാദപ്രതിവാദം നടന്നു. മഴക്കെടുതിയുടെ ഉത്തരവാദിത്തം സർക്കാരിൽ ആരോപിക്കാൻ പ്രതിപക്ഷവും സർക്കാരിനെ സംരക്ഷിക്കാൻ ഭരണപക്ഷ അംഗങ്ങളും വീറോടെ ശ്രമിച്ചു. അണക്കെട്ടുകൾ മുന്നറിയിപ്പില്ലാതെ തുറന്നതായിരുന്നു പ്രതിപക്ഷം ഉന്നയിച്ച പ്രധാന വിഷയം. കുറേ കഴമ്പില്ലാത്ത വാഗ്വാദങ്ങൾ അതിൽ ചുറ്റിത്തിരിഞ്ഞു. സമാജികരുടെ അഭിപ്രായങ്ങൾ പരിശോധിച്ചാൽ മാധവ് ഗാഡ്ഗിൽ റിപ്പോർട്ടിനെതിരെ ഐകകണ്ഠേന പ്രമേയം പാസാക്കിയ 2012 ഡിസംബർ 20ന് നടന്ന നിയമസഭാ സമ്മേളനത്തിന് സമാനം തന്നെയാണ് ഇതും എന്ന് വിലയിരുത്താം. പാരിസ്ഥിതിക ദുരന്തത്തിന്റെ അഗാധമായ ആഴങ്ങളിലേക്ക് കേരളം തകർന്നടിഞ്ഞിട്ടും പുനർനിർമ്മാണ പ്രവർത്തനങ്ങളിൽ പരിസ്ഥിതി എങ്ങനെ പരിഗണിക്കപ്പെടണം എന്ന് പറയാൻ വി.എസ്. അച്യുതാനന്ദൻ അല്ലാതെ മറ്റാരുമുണ്ടായില്ല. പരിസ്ഥിതിയെ പരിഗണിച്ചില്ല എന്നുമാത്രമല്ല, ദു

⇨ ഈ തകർന്ന പരിസ്ഥിതിയിലേക്ക് ഇനിയും ഏറെ നിക്ഷേപങ്ങൾ വരാനിരിക്കുന്നു എന്നതിന്റെ സൂചനയാണിത് ⇨

രന്തക്കയത്തിൽ നിന്നും കഷ്ടിച്ച് കരകയറി നടുനിവർത്തുന്നതിന് മുമ്പുതന്നെ വിഡ്ഢിത്തങ്ങൾ പുലമ്പി സ്വന്തം ചെയ്തികളെ ന്യായീകരിക്കുന്നതിനും മടിച്ചില്ല പി.വി. അൻവറും തോമസ് ചാണ്ടിയും എസ്. രാജേന്ദ്രനും. ചുരുക്കത്തിൽ നവകേരള നിർമ്മിതിയിലേക്ക് ഒന്നും സംഭാവന ചെയ്യാനില്ലാതെ, അണക്കെട്ടുകളിൽ ചുറ്റിത്തിരിഞ്ഞ കുറേ തർക്കങ്ങൾ മാത്രം അവശേഷിപ്പിച്ച് നിയമസഭ പിരിഞ്ഞു. കേരളം പിന്തുടരുന്ന വികസന മാതൃകയുടെ പ്രശ്നങ്ങൾ വ്യക്തമാക്കിയ ഒരു ദുരന്തകാലത്തിലൂടെ കടന്നുപോയിട്ടും നയപരമായ തിരുത്തലുകൾക്ക് നിയമസഭാ പ്രാതിനിധ്യമുള്ള ഒരു രാഷ്ട്രീയ പാർട്ടിയും തയ്യാറായില്ല എന്നതിന്റെ തെളിവായി ഈ നിയമസഭാ സമ്മേളനം ചരിത്രത്തിൽ രേഖപ്പെടുത്തപ്പെടും. നവലിബറൽ വികസനനയങ്ങൾക്ക് തടസ്സമുണ്ടാകുന്നതരത്തിൽ ആരും ഒന്നും ആഗ്രഹിക്കുന്നില്ലെന്ന് വ്യക്തം.

### സമരകേരളവും നവകേരളവും

വരും ദിവസങ്ങൾ അത് കുറേക്കൂടി വ്യക്തമാക്കി. പ്രളയജലം ഒഴിഞ്ഞുപോയ സ്ഥലങ്ങളിൽ ആദ്യം തുടങ്ങിയ നിർമ്മാണ പ്രവർത്തനം പുനർനിർമ്മാണവുമായി ബന്ധമുള്ള ഒന്നായിരുന്നില്ല. അത് ഗെയ്ൽ പൈപ്പ് ലൈൻ പദ്ധതിയുടെ പൂർത്തീകരണത്തിനായുള്ള പണികളായിരുന്നു. പ്രളയം തകർത്തെറിഞ്ഞ കൃഷിയിടങ്ങളും റോഡുകളുമെല്ലാം ഗെയ്ൽ പൈപ്പ് ലൈൻ ഇടുന്നതിനായി മണ്ണുമാന്തികൾ തുരന്നെടുത്തു. അതുപോലെ ദേശീയപാത 45 മീറ്ററാക്കുന്നതിനുള്ള സ്ഥലമേറ്റെടുക്കലും വെള്ളം കയറിയതിന്റെ നനവുണങ്ങും മുമ്പ് വൻ പോലീസ് സന്നാഹത്തോടെ പുനരാരംഭിച്ചു. പുതുവൈപ്പ് എൽ.എൻ.ജി ടെർമിനൽ പദ്ധതിയുമായി മുന്നോട്ടുപോകാൻ സർക്കാരിന്റെ പിന്തുണ ലഭിച്ചതായി ഐ.ഒ.സിയുടെ സംസ്ഥാനതലവനും വ്യക്തമാക്കി. നെൽവയൽ തണ്ണീർത്തട നിയമം ഭേദഗതി ചെയ്തതിലൂടെ തുറന്നുകിട്ടിയ അവസരം മുതലെടുത്ത് ടോറസ് പോലെയുള്ള വൻകിട കമ്പനികൾ (തിരുവനന്തപുരം ടെക്നോപാർക്കിന് സമീപം) നിലം നികത്തൽ വേഗത്തിലാക്കി. കേരളത്തിലുട നീളം പശ്ചിമഘട്ടത്തിന്റെ പടിഞ്ഞാറൻ ചെരുവുകളിലും അതിന്റെ തുടർച്ചയായ ഇടനാടൻ കുന്നുകളിലും ഉരുൾപൊട്ടലുകളും മണ്ണിടിച്ചിലുമുണ്ടായിട്ടും ഒരു വികസന പദ്ധതിയും വേണ്ടെന്ന് വയ്ക്കപ്പെട്ടില്ല. മലയോര ഹൈവേയ്ക്കായുള്ള വാദങ്ങൾ വൈകാതെ മാദ്ധ്യമങ്ങളിൽ നിറയും. തീരം മുഴുവൻ കല്ലിട്ട് സംരക്ഷിക്കേണ്ട അവസ്ഥ സംജാതമായിട്ടും തീരദേശ ഹൈവേ പദ്ധതിയും കടലാസിൽ നിന്നും ഉടൻ തന്നെ പുറത്തുചാടും. അതിരപ്പിള്ളിയിൽ ഡാം നിർമ്മിച്ചിരുന്നെങ്കിൽ പ്രളയാഘാതം കുറയ്ക്കാമായിരുന്നു എന്നുപോലും ഉത്തരവാദിത്തപ്പെട്ടവർ പറയുന്നതരത്തിൽ വികസനാന്ധത ആഴത്തിൽ വേരുകൾ പടർത്തിയിരിക്കുന്നു. ദുരന്തത്തിൽ നിന്നും കരകയറാൻ വിദേശമലയാളികളുടെ സാമ്പത്തിക സഹായം തേടി ഗൾഫ് നാടുകളിലേക്ക് നടത്തിയ യാത്രയ്ക്കിടയിൽ പോലും മുഖ്യമന്ത്രി കേരളത്തിലേക്ക് വലിയ നിക്ഷേപം കൊണ്ടുവരുന്നതിനായി ദുബായ് പോർട്ട് വേൾഡ് കമ്പനിയുമായി കൂടിക്കാഴ്ച നടത്തുകയും അതിനുവേണ്ട ഭൂമി കണ്ടെത്തിത്തരാമെന്ന ഉറപ്പും നൽകുകയും ചെയ്യുന്നുണ്ട്. കേരളത്തിന്റെ ഈ തകർന്ന പരിസ്ഥിതിയിലേക്ക് ഇനിയും ഏറെ നിക്ഷേപങ്ങൾ വരാനിരിക്കുന്നു എന്നതിന്റെ സൂചനയാണിത്. അതുകൊണ്ട്, ഈ ദുരന്തത്തിന്റെ പശ്ചാത്തലത്തിലെങ്കിലും കേരളം ഇപ്പോൾ പിന്തുടരുന്ന വികസന പദ്ധതികൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കാൻ പൗരസമൂഹം ആവശ്യപ്പെടണം. പ്രത്യേകിച്ച് ഇത്തരം പദ്ധതികളുടെ ഇരകളായിത്തീർന്നവരും പദ്ധതികളാൽ ബാധിക്കപ്പെടുന്നവരുമായ സമരരംഗത്തുള്ള ജനങ്ങൾക്ക് അത് പറയാതെ മുന്നോട്ടുപോകാൻ കഴിയില്ല. ദുരിതാനന്തര സമര കേരളത്തിന്റെ മുദ്രാവാക്യം അതുതന്നെയാകട്ടെ. സമരകേരളവുമായി സംവദിക്കാതെ എന്ത് നവകേരളം?

പ്രളയജലം ഒഴിഞ്ഞുപോയ സ്ഥലങ്ങളിൽ ആദ്യം തുടങ്ങിയ നിർമ്മാണ പ്രവർത്തനം പുനർനിർമ്മാണവുമായി ബന്ധമുള്ള ഒന്നായിരുന്നില്ല. അത് ഗെയ്ൽ പൈപ്പ് ലൈൻ പദ്ധതിയുടെ പൂർത്തീകരണത്തിനായുള്ള പണികളായിരുന്നു. പ്രളയം തകർത്തെറിഞ്ഞ കൃഷിയിടങ്ങളും റോഡുകളുമെല്ലാം ഗെയ്ൽ പൈപ്പ് ലൈൻ ഇടുന്നതിനായി മണ്ണുമാന്തികൾ തുരന്നെടുത്തു. അതുപോലെ ദേശീയപാത 45 മീറ്ററാക്കുന്നതിനുള്ള സ്ഥലമേറ്റെടുക്കലും വെള്ളം കയറിയതിന്റെ നനവുണങ്ങും മുമ്പ് വൻ പോലീസ് സന്നാഹത്തോടെ പുനരാരംഭിച്ചു.

### നിർമ്മിതികളുടെ പുനഃപരിശോധന

കാലവർഷക്കെടുതികളുടെ ആക്കം കൂട്ടിയ മനുഷ്യനിർമ്മിതികളെക്കുറിച്ച്, പ്രത്യേകിച്ച്



മലവെള്ളം അണക്കെട്ടിന് മുകളിലൂടെ കുത്തിയൊഴുകി നശിച്ച പെരിങ്ങൽക്കുത്ത് ഡാം

കെട്ടിയിറക്കിയതും കടംകൊണ്ടതും സ്ഥാപനവത്കരിക്കപ്പെട്ടതുമായ വികസ സങ്കൽപ്പങ്ങളുടെ ഭാഗമായി പണിതുയർത്തിയ നിർമ്മിതികളെക്കുറിച്ച് വിമർശനാത്മകമായി ചിന്തിക്കുന്നതിനുള്ള അവസരമായി ദുരന്താനന്തര കാലത്തെ പരിഗണിക്കേണ്ടതുണ്ട്. അത്തരത്തിലുള്ള ഒരു ഗുണദോഷ വിചാരണയിൽ ആദ്യം പ്രതിക്കൂട്ടിൽ നിർത്തപ്പെടേണ്ട നിർമ്മിതി അണക്കെട്ടുകൾ തന്നെയാണ്. അണക്കെട്ട് മാനേജ്മെന്റിന്റെ പരാജയമാണ് ദുരന്തത്തിന്റെ ആക്കം കൂട്ടിയ പ്രളയത്തിന് കാരണമായതെന്ന വിമർശനം പല കോണുകളിൽ നിന്നും സർക്കാരിനെതിരെ ഉന്നയിക്കപ്പെട്ടെങ്കിലും അത് അംഗീകരിക്കാൻ സർക്കാർ ഏജൻസികളൊന്നും ഇതുവരെ സന്നദ്ധമായിട്ടില്ല. അണക്കെട്ടുകളുടെ മാനേജ്മെന്റുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിദഗ്ധർ നിരത്തുന്ന വാദങ്ങൾ അത്രവേഗം തള്ളിക്കളയാൻ കഴിയുന്നതല്ല. ഇടുക്കി അണക്കെട്ടിന്റെ കാര്യം തന്നെയെടുക്കാം. ജലനിരപ്പ് പരമാവധി സംഭരണശേഷിയുടെ അടുത്ത്, അതായത് 2399 അടിയായി ഉയർന്നപ്പോഴാണ് ആഗസ്റ്റ് 9ന് ഉച്ചയ്ക്ക് 12 മണിക്ക് ഒരു ഷട്ടർ ഉയർത്താൻ കെ.എസ്.ഇ.ബി സന്നദ്ധമാകുന്നത്. നാല് മണിക്കൂർ നേരത്തേക്കാണ് ഡാം തുറന്നതെങ്കിലും പിന്നീട് ഷട്ടർ അടയ്ക്കേണ്ടി വന്നില്ല എന്നുമാത്രമല്ല കൂടുതൽ ഷട്ടറുകൾ ഉയർത്തേണ്ടതായും വന്നു. റിസർവോയറിലേക്ക് ഒഴുകിയെത്താൻ പോകുന്ന വെള്ളത്തിന്റെ അളവിനെക്കുറിച്ചോ, പെരിയാറിലേക്ക് ഒഴുകിപ്പരക്കാൻ പോകുന്ന വെള്ളത്തെക്കുറിച്ചോ ഒരു ധാരണയും കെ.എസ്.ഇ.ബിക്ക് ഉണ്ടായിരുന്നില്ല എന്നത് വ്യക്തം. എന്നിട്ടും പരമാവധി സംഭരണശേഷിയിൽ ഡാം നിറച്ചുനിർത്താൻ അവർ നടത്തിയ ശ്രമം ചോദ്യം ചെയ്യപ്പെടേണ്ടതാണ്. അണക്കെട്ട് മാനേജ്മെന്റിന്റെ ഏറ്റവും മോശം മാതൃക. ജൂലായ് 26ന് ആണ് ദുരന്തനിവാരണ അതോറിറ്റി കെ.എസ്.ഇ.ബിക്ക് ആദ്യ മുന്നറിയിപ്പ് നൽകുന്നത്. ജൂലായ് 30ന് 2395 അടിയായി ജലനിരപ്പ് ഉയർന്നപ്പോൾ രണ്ടാമത്തെ മുന്നറിയിപ്പും നൽകി. പിന്നീടുള്ള ദിവസങ്ങളിൽ ഡാമിലേക്കുള്ള നീരൊഴുക്ക് നേരിയ തോതിൽ കൂടിക്കൊണ്ടിരുന്നെങ്കിലും ആഗസ്റ്റ് ഒമ്പത് വരെ കെ.എസ്.ഇ.ബി നീട്ടിക്കൊണ്ടുപോയി. ഡാം തുറന്നുവിടുന്നത് സാമ്പത്തിക നഷ്ടമായി കണക്കാക്കുന്ന സമ്പ്രദായമാണ് കെ.എസ്.ഇ.ബി ആദ്യം തിരുത്താൻ തയ്യാറാകേണ്ടത്. ട്രയൽ റൺ നടത്തുമ്പോൾ തന്നെ 1.058 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള വെള്ളമാണ് തുറന്നുവിടുന്നതെന്നും അതുകാരണം ഉണ്ടാകാൻ പോകുന്നത് 40 ലക്ഷം രൂപയുടെ നഷ്ടമാണെന്നുമായിരുന്നു കെ.എസ്.ഇ.ബി മുഖ്യമായും പറഞ്ഞിരുന്നത്. (മുല്ലപ്പെരിയാർ കൂടി തുറന്നുവിട്ട് സ്ഥിതിഗതികൾ വൈകാതെ വഷളായതോടെ പിന്നെ സാമ്പത്തിക നഷ്ടത്തിന്റെ കണക്ക് അധികം പറഞ്ഞുകേട്ടില്ല). ചെറുതോണി അണക്കെട്ടിന്റെ കാര്യത്തിൽ ഉണ്ടായതിനേക്കാൾ മോശമായിരുന്നു പെരിയാർ നദിയിൽ തന്നെയുള്ള ഇടമലയാർ, കല്ലാർക്കുട്ടി അണക്കെട്ടുകളിലെ തയ്യാറെടുപ്പുകൾ. ഇടമലയാർ അണക്കെട്ട് തുറക്കുന്ന വിവരം വാർത്തകളിൽ ഇടം നേടിയി

രുന്നു. എന്നാൽ ചെങ്കുളം, പള്ളിവാസൽ, പന്നിയാർ ഡാമുകളിൽ നിന്നുള്ള വെള്ളമെത്തുന്ന നേര്യമംഗലത്തെ കല്ലാർക്കുട്ടി അണക്കെട്ട് കൂടി തുറക്കാൻ പോകുന്നു എന്ന വിവരം ആരെയും അറിയിച്ചിരുന്നില്ല. ഇടമലയാറിൽ നിന്നും ഒരു സെക്കൻഡിൽ ആറ് ലക്ഷം ലിറ്റർ വെള്ളമാണ് ഒഴുകിയെത്തിയതെങ്കിൽ കല്ലാർക്കുട്ടിയിൽ നിന്നും ഒരു സെക്കൻഡിൽ പെരിയാറിലേക്ക് ഒഴുകിയത് പത്ത് ലക്ഷം ലിറ്റർ വെള്ളമാണെന്ന് കെ.എസ്.ഇ.ബിയുടെ തന്നെ കണക്കുകൾ കാണിക്കുന്നു. ഇടമലയാർ തുറക്കുന്നതിന് മുമ്പ് നേരത്തെ വിവരം ലഭിച്ചിട്ടില്ലായിരുന്നു എന്ന് എറണാകുളം ജില്ലാ കളക്ടർ പരസ്യമായി പ്രതികരിക്കുകയും ചെയ്തിരുന്നു. പെരിയാറിൽ പല കൈവഴികളിലായി ഇത്രയധികം അണക്കെട്ടുകൾ ഉണ്ടെന്നിരിക്കെ ഒരുതരത്തിലുള്ള ആസൂത്രണവും സംയോജിതമായ പ്രവർത്തനവും കെ.എസ്.ഇ.ബി നടത്തിയിട്ടില്ല എന്നതിന് തെളിവാണ് ഇതെല്ലാം. കോടികളുടെ നഷ്ടമുണ്ടായിരിക്കുന്ന ഒരു മഹാപ്രളയത്തിൽ കെ.എസ്.ഇ.ബിയുടെ പങ്കിന് എത്ര വിലയിടേണ്ടിവരും എന്ന് അവർ ചിന്തിക്കുന്നത് നന്നാകും. സ്ഥാപനപരമായ ഈ സങ്കുചിതബോധത്തെ മറികടക്കുകയും കാലാവസ്ഥാവ്യതിയാനത്തെക്കുറിച്ചും പുഴകളുടെ ഇക്കോളജിയെക്കുറിച്ചും അണക്കെട്ടുകളുടെ അപാകതകളെക്കുറിച്ചും മനസ്സിലാക്കാൻ ശ്രമിക്കുകയും ചെയ്യുന്നതിൽ വൈദ്യുതി വകുപ്പ് ഒട്ടും മടിച്ചുനിൽക്കേണ്ടതില്ല. കാലം അത് ആവശ്യപ്പെടുന്നുണ്ട് എന്നാണ് പ്രളയം ഓർമ്മിപ്പിക്കുന്നത്.

വയനാട്ടിലെ ബാണാസുര സാഗർ ഡാമിന്റെ കാര്യത്തിലും ഇതേ അലംഭാവം തന്നെയാണ് കെ.എസ്.ഇ.ബി കാണിച്ചത്. ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ ചെയർമാനായ കളക്ടർ പോലും അറിയാതെയാണ് കെ.എസ്.ഇ.ബി ഡാം തുറന്നത്. മുന്നറിയിപ്പില്ലാതെ ഡാം തുറന്നതോടെ പനമരം, വെണ്ണിയോട്, കോട്ടത്തറ, വെള്ളമുണ്ട, പടിഞ്ഞാറത്തറ പ്രദേശങ്ങളിലെ ജനങ്ങൾ അപ്രതീക്ഷിതമായി വെള്ളത്തിനടിയിലായി. ജൂലായ് 15ന് ആണ് ബാണാസുര സാഗറിന്റെ നാല് ഷട്ടറുകളിൽ മൂന്നെണ്ണം ആദ്യമായി തുറക്കുന്നത്. ആദ്യം ഷട്ടർ തുറക്കുമ്പോൾ മുന്നറിയിപ്പ് നൽകിയിരുന്നെങ്കിലും പിന്നീട് പടിപടിയായി 290 സെന്റീമീറ്റർ വരെ ഉയർത്തിയതും നാലാമത്തെ ഷട്ടർ തുറന്നതും ആരെയും അറിയിക്കാതെയായിരുന്നു. ഇവിടെയും പരമാവധി സംഭരണശേഷി എന്നതായിരുന്നു കെ.എസ്.ഇ.ബിയുടെ നയം. മണ്ണുകൊണ്ട് നിർമ്മിച്ച ഡാമിന്റെ ബലത്തെക്കുറിച്ച് സംശയം തോന്നിയതുകൊണ്ടാണ് ഷട്ടറുകൾ പെട്ടെന്ന് തുറന്നതെന്ന് കെ.എസ്.ഇ.ബി അധികൃതർ പിന്നീട് സമ്മതിക്കുകയും ചെയ്തു.

ചാലക്കുടിപ്പുഴയിലും പമ്പയിലും ഭാരതപ്പുഴയിലും ഇതുതന്നെയാണ് സംഭവിച്ചത്. മുന്നറിയിപ്പില്ലാതെ അണക്കെട്ടുകൾ തുറന്നതുകൊണ്ടും മാനേജ്മെന്റിന്റെ പരാജയം കാരണവും ജൂൺ മാസം മുതൽത്തന്നെ പലതവണ ചാലക്കുടിപ്പുഴയുടെ താഴ്ത്തടങ്ങളിൽ വെള്ളപ്പൊക്കമുണ്ടായിരുന്നു. രാത്രിയിൽ വീട്ടിൽ വെള്ളമെത്തിയപ്പോഴാണ് പലരും പുഴയിൽ വെള്ളം കൂടിയത് അറിയുന്നത്. പുഴയുടെ താഴ്ത്തടങ്ങളിലെ പഞ്ചായത്തുകൾക്കൊന്നും ഡാം തുറക്കുന്നതുമായി ബന്ധപ്പെട്ട് ഒരു മുന്നറിയിപ്പും ലഭിച്ചിരുന്നില്ല. ഈ പരാജയത്തിന്റെ തുടർച്ചയാണ് ആഗസ്റ്റിൽ മഴ കനത്തതോടെ പെരിങ്ങൽക്കുത്ത് ഡാം കരകവിഞ്ഞൊഴുകുന്നതിലേക്ക് സാഹചര്യങ്ങളെ എത്തിച്ചത്. ജൂലായ് 31നും ചാലക്കുടിപ്പുഴയുടെ താഴ്ത്തടങ്ങളിൽ രൂക്ഷമായ പ്രളയമുണ്ടായിരുന്നു. ജൂലായ് 30ന് രാത്രിയിൽ പെയ്ത മഴയെ തുടർന്ന് 31ന് 40 ദശലക്ഷം ഘനമീറ്ററിൽ അധികം ജലമാണ് പെരിങ്ങൽക്കുത്ത് ഡാമിൽ നിന്നും ചാലക്കുടിപ്പുഴയിലേക്ക് മുന്നറിയിപ്പില്ലാതെ ഒഴുക്കിവിട്ടത്. കേരള ഷോളയാറിൽ നിന്നും വെള്ളം തുറന്നുവിട്ടിരുന്നു. കൺട്രോൾഡ് റിലീസ് നേരത്തെ നടത്തിയിരുന്നെങ്കിൽ ഇത്രയും വലിയ അളവിൽ ജലം തുറന്നുവിടേണ്ടി വരില്ലായിരുന്നു. ഇതേ സമയം പറമ്പിക്കുളം ഡാമിൽ നിന്നും കൺട്രോൾഡ് റിലീസിന്റെ ഭാഗമായി പെരിങ്ങൽക്കുത്ത് അണക്കെട്ടിലേക്ക് വെള്ളം വന്നുകൊണ്ടിരിക്കുന്നുമുണ്ട്. ജോയിന്റ് വാട്ടർ റെഗുലേറ്ററി ബോർഡിന്റെ നിർദ്ദേശമുള്ളതിനാൽ പറമ്പിക്കുളം ഡാം നിറയുന്നതിന് ഒരടി താഴെ നിരപ്പിൽ കൺട്രോൾഡ് റിലീസ് അവിടെ കൃത്യമായി നടന്നിരുന്നു. എന്നിട്ടും ആ വെള്ളം വന്നുചേരുന്ന പെരിങ്ങൽക്കുത്തിൽ അത്തരത്തിലുള്ള ഒരു ശ്രമം നടത്താൻ കെ.എസ്.ഇ.ബി സന്നദ്ധമായിരുന്നില്ല. മാത്രമല്ല, ജൂലായ് 31ന് ചാലക്കുടിപ്പുഴയുടെ താഴ്ത്തടത്തിൽ നിർമ്മിച്ചിരിക്കുന്ന കണക്കൻകടവ് റഗുലേറ്റർ കം ബ്രിഡ്ജ് പൂർണ്ണമായും തുറക്കാത്തതും വെള്ളപ്പൊക്കത്തിന്റെ രൂക്ഷതകൂട്ടി. ചാലക്കുടിപ്പുഴയിലെ അണക്കെട്ടുകളായ കേരള ഷോളയാർ, തമിഴ്നാട് ഷോളയാർ, പറമ്പിക്കുളം, തൂണക്കടവ്, പെരുവാരിപ്പള്ളം, പെരിങ്ങൽക്കുത്ത് എന്നിവ നിറഞ്ഞുകിടക്കുകയാണെന്നും മഴ കുറവുള്ള ദിവസങ്ങളിൽ

ഷോളയാറിൽ നിന്നും പെരിങ്ങൽക്കുത്തിൽ നിന്നും കൂടുതൽ വെള്ളം തുറന്നുവിട്ട് പ്രളയസാധ്യത ഒഴിവാക്കണമെന്നും ആഗസ്റ്റ് 5ന് ചാലക്കുടി പുഴ സംരക്ഷണ സമിതി റവന്യൂ വകുപ്പ് മന്ത്രിയോട് ആവശ്യപ്പെടുന്നു. അതെല്ലാം അവഗണിക്കുകയും ഡാമുകൾ പരമാവധി സംഭരണശേഷിയിൽ നിർത്താൻ കെ.എസ്.ഇ.ബി ശ്രമിക്കുകയും ചെയ്തു. തുടർന്ന് ആഗസ്റ്റ് 14ന് മഴ വീണ്ടും കനത്തതോടെ സ്ഥിതിഗതികൾ അവരുടെ കൈവിട്ടു പോയി. പെരിങ്ങൽക്കുത്ത് ഡാം തലനാരിഴയ്ക്കാണ് ആ ദിവസങ്ങളിൽ തകരാതിരുന്നത്. അതുകൂടി സംഭവിച്ചിരുന്നെങ്കിൽ ചാലക്കുടിക്ക് താഴെ ഇതാകുമായിരുന്നില്ല അവസ്ഥ.

44 നദികളുള്ള കേരളത്തിൽ ഈ മഴക്കാലത്ത് തുറന്ന അണക്കെട്ടുകളുടെ കണക്ക് കേട്ടാൽ ഞെട്ടലുണ്ടാവുക സ്വാഭാവികം. തമിഴ്നാടിന്റെ നിയന്ത്രണത്തിലുള്ള മുല്ലപ്പെരിയാർ, അളിയാർ, അപ്പർ ഷോളയാർ, നീരാർ അടക്കം 79 അണക്കെട്ടുകൾ. വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിലുള്ള ആനയിറങ്കൽ, കുണ്ടള ഡാമുകൾ ഒഴികെ എല്ലാം തുറന്നു. ജലസേചന വകുപ്പ് കൈകാര്യം ചെയ്യുന്ന ഡാമുകൾ തുറന്നതിന്റെ എണ്ണം 22.

പമ്പയാറിലെ ചെറുതും വലുതുമായ ഒമ്പത് അണക്കെട്ടുകൾ ഒരു മുന്നറിയിപ്പുമില്ലാതെ തുറന്നതാണ് മധ്യതിരുവിതാംകൂറിനെ പ്രളയത്തിൽ മുക്കിയത്. ശബരിഗിരി ജലവൈദ്യുത പദ്ധതിയുടെ ഭാഗമായ പമ്പ, കക്കി അണക്കെട്ടുകളിൽ പരമാവധി വെള്ളം സംഭരിക്കാൻ കെ.എസ്.ഇ.ബി ശ്രമിക്കുകയായിരുന്നു. ആഗസ്റ്റ് 14ന് രാത്രിയിലാണ് എല്ലാ ഷട്ടറുകളും ഉയർത്താൻ അധികൃതർ തയ്യാറാകുന്നത്. ആഗസ്റ്റ് 15ന് പുലർച്ചെ റാന്നിയും തുടർന്ന് കോഴഞ്ചേരിയും ആറന്മുളയും ഉച്ചതിരിഞ്ഞ് ചെങ്ങന്നൂരും വെള്ളത്തിനടിയിൽ ആയ രീതി ശ്രദ്ധിച്ചാൽ ഡാമുകളിൽ നിന്നും പമ്പയിലൂടെ ഒഴുകിയെത്തിയ വെള്ളമാണ് ഈ പ്രദേശങ്ങളെ മുക്കിയതെന്ന് വ്യക്തമാകും. അച്ചൻകോവിൽ ആറിന്റെ വൃഷ്ടിപ്രദേശങ്ങളിൽ ഉരുൾപൊട്ടൽ ഉണ്ടായത് വെള്ളപ്പൊക്കത്തിന്റെ ആക്കം കൂട്ടുകയും ചെയ്തു. പള്ളിവാസൽ ജലവൈദ്യുത പദ്ധതിയുടെ ഭാഗമായ മാട്ടുപ്പെട്ടി ഡാം ആഗസ്റ്റ് 14ന് തുറന്നുവിട്ടതാണ് മൂന്നാർ നഗരം വെള്ളത്തിനടിയിലാകാൻ കാരണം. മൂന്നാർ ടൗണിലൂടെ ഒഴുകുന്ന കന്നിമലയാറും നല്ലതണ്ണിയാറും കരകവിഞ്ഞൊഴുകാൻ കാരണമായിത്തീർന്നത് മാട്ടുപ്പെട്ടിയിൽ നിന്നെത്തിയ ജലമായിരുന്നു.

ഭാരതപ്പുഴയിലും ജലനിരപ്പ് ഉയരുന്നതിന് മലമ്പുഴ, പോത്തുണ്ടി, മംഗലം ഡാമുകൾ തുറന്നുവിട്ടതാണ് കാരണമായത്. മീങ്കര, ചുള്ളിയാർ ഡാമുകളിലെ വെള്ളം കൂടി ഒഴുകിയെത്തിയതോടെ പാലക്കാട് ടൗൺ മുതൽ പൊന്നാനി വരെയുള്ള പുഴത്തീരത്തെ പ്രദേശങ്ങളെല്ലാം വെള്ളത്തിനടിയിലായി. കുടിവെള്ള പദ്ധതികളുടെ ഭാഗമായി ഭാരതപ്പുഴയിൽ നിർമ്മിച്ച ഞാവലിൻകടവ്, ചീരക്കുഴി തുടങ്ങിയ ചെറിയ അണക്കെട്ടുകളുടെ ഷട്ടറുകൾ വരെ പ്രളയജലത്താൽ തകർപ്പെട്ടു. തൃശൂർ ജില്ലയിലെ പടിഞ്ഞാറൻ പ്രദേശങ്ങളെയും കോൾപ്പാടങ്ങളെയും മുഴുവൻ വെള്ളത്തിൽ മുക്കിയതിന് കാരണം പീച്ചി, ചിമ്മിനി ഡാമുകൾ തുറന്നുവിട്ടതായിരുന്നു. ഈ ഡാമുകളിലെ വെള്ളം ഒഴുകിയെത്തുന്ന കരുവന്നൂർ പുഴയിൽ നിർമ്മിച്ചിട്ടുള്ള ഇല്ലിക്കൽ ഡാമിന്റെ ഷട്ടറുകൾ വേണ്ടത്ര ഉയരത്തിൽ ഉയർത്താതിരുന്നതുകൊണ്ടാണ് എട്ടുമുനയിൽ ബണ്ട് പൊട്ടി കോൾപ്പാടങ്ങളിലേക്ക് വെള്ളം ഇരച്ചെത്തിയത്. ആറ്റപ്പിള്ളി, മാഞ്ഞാംകുഴി റഗുലേറ്ററുകളിൽ മരം വന്നടിഞ്ഞതോടെ കരുവന്നൂർ പുഴയുടെ തീരത്തെ ദുരന്തവ്യാപ്തി കൂട്ടി. നെയ്യാർ, പേപ്പാറ, അരുവിക്കര ഡാമുകൾ തുറന്നുവിട്ടത് തിരുവനന്തപുരം ജില്ലയിലെ നിരവധി പ്രദേശങ്ങളെ വെള്ളത്തിലാഴ്ത്തി. അണക്കെട്ടുകൾ ഇല്ലാതിരുന്ന ചാലിയാർ, മീനച്ചിൽ പുഴത്തടങ്ങളിലുണ്ടായ വെള്ളപ്പൊക്കത്തിന്റെ സ്വഭാവം വളരെ വ്യത്യസ്തമായിരുന്നു. സമാന തോതിലുള്ള മഴ വൃഷ്ടി പ്രദേശങ്ങളിൽ പെയ്തിട്ടും ഈ പുഴകളിൽ വെള്ളമുയർന്നതിന്റെ രീതി വ്യത്യസ്തമാകാൻ കാരണം അണക്കെട്ടുകൾ ഉണ്ടായിരുന്നില്ല എന്നതുതന്നെയാണ്.

44 നദികളുള്ള കേരളത്തിൽ ഈ മഴക്കാലത്ത് തുറന്ന അണക്കെട്ടുകളുടെ കണക്ക് കേട്ടാൽ ഞെട്ടലുണ്ടാവുക സ്വാഭാവികം. തമിഴ്നാടിന്റെ നിയന്ത്രണത്തിലുള്ള മുല്ലപ്പെരിയാർ, അളിയാർ, അപ്പർ ഷോളയാർ, നീരാർ അടക്കം 79 അണക്കെട്ടുകൾ. വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിലുള്ള ആനയിറങ്കൽ, കുണ്ടള ഡാമുകൾ ഒഴികെ എല്ലാം തുറന്നു. ജലസേചന വകുപ്പ് കൈകാര്യം ചെയ്യുന്ന ഡാമുകൾ തുറന്നതിന്റെ എണ്ണം 22. കേരളത്തിലെ മിക്ക ഡാമുകളുടെയും

⇨ എന്നിട്ടും ഇത്തരത്തിലുള്ള നിയമനിർമ്മാണത്തിന് സംസ്ഥാനങ്ങൾ മടിച്ചുനിൽക്കുന്നത് എന്തുകൊണ്ടാണ്? ⇨



കരുവന്നൂർ പുഴയിൽ തകർന്ന എട്ടുമുന ബണ്ട്. തൃശൂരിലെ കോൾ മേഖല വെള്ളത്തിൽ മുങ്ങാൻ കാരണം ഇതായിരുന്നു. (ഫോട്ടോ: കേരളീയം)

റിസർവോയറുകൾ എക്കലടിഞ്ഞ് സംഭരണശേഷി നഷ്ടപ്പെട്ട സ്ഥിതിയിലാണുള്ളത്. വൃഷ്ടിപ്രദേശത്തെ വനനഷ്ടം കാരണമുള്ള മണ്ണൊലിപ്പാണ് എക്കലടിഞ്ഞ് സംഭരണശേഷി നഷ്ടമാകാനുള്ള പ്രധാനകാരണം. ഈ അണക്കെട്ടുകളുടെ വൃഷ്ടിപ്രദേശങ്ങളിലെ കാടുകൾക്ക് എന്താണ് സംഭവിച്ചതെന്ന് അന്വേഷിച്ചാൽ പശ്ചിമഘട്ടത്തിന്റെ നാശത്തിന് കാരണമായിത്തീർന്ന നമ്മുടെ തന്നെ ഒട്ടേറെ ചെയ്തികളിലേക്കാകും അത് എത്തിച്ചേരുക. വീണ്ടും അണകെട്ടാൻ കച്ച കെട്ടി നിൽക്കുന്നവർ പ്രളയാനന്തര കാലത്തെങ്കിലും ഈ വനശോഷണത്തെക്കുറിച്ച് ചിന്തിച്ചാൽ വളരെ നന്നാകും.

ഇത്രയേറെ അണക്കെട്ടുകളുള്ള ഒരു സംസ്ഥാനം അണക്കെട്ട് മാനേജ്മെന്റിന്റെ കാര്യത്തിൽ കാണിക്കുന്ന അനാസ്ഥ തീർച്ചയായും ചോദ്യം ചെയ്യപ്പെടേണ്ടതാണ്. ഡാം സുരക്ഷയും പ്രളയസാധ്യതയും ഉറപ്പുവരുത്തേണ്ടതിനെക്കുറിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉണ്ടെന്നിരിക്കെയാണ് കെ.എസ്.ഇ.ബിയും വാട്ടർ അതോറിറ്റിയും ഈ അനാസ്ഥ ഇവിടെ തുടരുന്നത്. ഡാം റിഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ട് എന്ന പേരിൽ കേന്ദ്ര ജല കമ്മീഷന്റെ സഹായത്തോടെ സംസ്ഥാനങ്ങൾ നടപ്പിലാക്കേണ്ട ഒരു പദ്ധതിയുണ്ടായിരുന്നു. കേരളം, മധ്യപ്രദേശ്, ഒഢീഷ, തമിഴ്നാട് എന്നീ നാല് സംസ്ഥാനങ്ങളിലെ 223 അണക്കെട്ടുകളുടെ പുനരധിവാസവും ശാക്തീകരണവുമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമാക്കിയിരുന്നത്. ഇതിന്റെ ഒരു പ്രതിഫലനവും കേരളം അടക്കമുള്ള സംസ്ഥാനങ്ങളിൽ ഉണ്ടായിട്ടില്ല എന്ന് 2017ൽ പുറത്തിറങ്ങിയ സി.എ.ജിയുടെ പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ട് വ്യക്തമാക്കുന്നു. ദേശീയ ഡാം സേഫ്ടി കമ്മിറ്റി എല്ലാ സംസ്ഥാനങ്ങളോടും വലിയ അണക്കെട്ടുകളുടെ ഒരു എമർജൻസി ആക്ഷൻ പ്ലാൻ തയ്യാറാക്കാൻ 2011ൽ ആവശ്യപ്പെട്ടിരുന്നു. 2006ൽ തന്നെ കേന്ദ്ര ജല കമ്മീഷൻ അണക്കെട്ടുകളുടെ എമർജൻസി ആക്ഷൻ പ്ലാൻ എങ്ങനെ തയ്യാറാക്കാം എന്നത് സംബന്ധിച്ച് സംസ്ഥാനങ്ങൾക്ക് ഒരു മാർഗ്ഗരേഖ കൈമാറിയിട്ടുണ്ടായിരുന്നു. കേരളത്തിലെ ഒറ്റ അണക്കെട്ടിന് പോലും ആക്ഷൻ പ്ലാൻ തയ്യാറാക്കാൻ സംസ്ഥാനം തയ്യാറായിട്ടില്ല എന്ന് സി.എ.ജി റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു. ദേശീയ ഫ്ളഡ് കമ്മീഷൻ ഓഫ് ഇന്ത്യയുടെ നിർദ്ദേശ പ്രകാരം വെള്ളപ്പൊക്ക സാധ്യതാ പ്രദേശങ്ങളുടെ ഒരു ഭൂപടം എല്ലാ സംസ്ഥാനങ്ങളും തയ്യാറാക്കേണ്ടതുണ്ട്. കേരളത്തിന്റെ ആകെ വിസ്താരമായ 38.90 ലക്ഷം ഹെക്ടറിൽ 8.70 ലക്ഷം ഹെക്ടർ പ്രളയ സാധ്യതാ പ്രദേശമാണെന്ന് ദേശീയ ഫ്ളഡ് കമ്മീഷൻ ഓഫ് ഇന്ത്യ വിലയിരുത്തിയിട്ടുണ്ട്. എന്നിട്ടും കേരളം വെള്ളപ്പൊക്ക സാധ്യതാ പ്രദേശങ്ങളുടെ ഭൂപടം തയ്യാറാക്കുന്നതിനോ ശാസ്ത്രീയ നിഗമനങ്ങൾ നടത്തുന്നതിനോ ഇതുവരെ സന്നദ്ധമായിട്ടില്ല. മണിപ്പൂരും രാജസ്ഥാനും ഉത്തരാഖണ്ഡും മാത്രമാണ് ഫ്ളഡ് പ്ലെയിൻ സോണിംഗ് നിയമം നിർമ്മിച്ച് വെള്ളപ്പൊക്ക സാധ്യതാ പ്രദേശങ്ങൾക്ക് നിയന്ത്രണം കൊണ്ടുവന്നിട്ടുള്ളത്. ഫ്ളഡ് പ്ലെയിൻ സോണിംഗിനായുള്ള ഒരു മാതൃക ബിൽ 1975ൽ തന്നെ കേന്ദ്ര ജല കമ്മീഷൻ തയ്യാറാക്കിയിരുന്നു. എന്നിട്ടും ഇത്തരത്തിലുള്ള നിയമനിർമ്മാണത്തിന് സംസ്ഥാനങ്ങൾ മടിച്ചുനിൽക്കുന്നത് എന്തുകൊണ്ടാണ്? അണക്കെട്ടുകൾ എന്ന നിർമ്മിതി തന്നെ പലവിധ അനന്തരഫലങ്ങളാൽ ആഗോളതലത്തിൽ ചോദ്യം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന കാലത്തും അണക്കെട്ടുകളുടെ മാനേജ്മെന്റിനെക്കുറിച്ച് പോലും ചിന്തിക്കാൻ വലുതും ചെറുതുമായി എൺപതിലേറെ അണക്കെട്ടുകളുള്ള കേരളം തയ്യാറാകാത്തത് എന്തുകൊണ്ടാണ്? കേരളത്തെ ഇപ്പോഴും നയിക്കുന്നത് പരമാവധി സംഭരണശേഷി, പരമാവധി ഊർജ്ജോത്പാദനം, പരമാവധി ലാഭം, പരമാവധി വളർച്ച തുടങ്ങിയ വികസന മാനദണ്ഡങ്ങളാണ്. ഈ അണ

ക്കെട്ടുകളെല്ലാം പുഴകളിലാണ് നിർമ്മിച്ചിരിക്കുന്നതെന്നും ആ പുഴകൾക്ക് വേറെയും ഒരുപാട് ധർമ്മങ്ങളുണ്ടെന്നും പരിഗണിക്കേണ്ട സാഹചര്യം ഔദ്യോഗികമായിത്തന്നെ അണക്കെട്ടുകളുടെ കാര്യാധികാരികൾക്ക് മുന്നിൽ വരുന്നതേയില്ല. കാലാവസ്ഥാ വ്യതിയാനത്തിന്റെ കാര്യം പിന്നെ പറയേണ്ടതില്ലല്ലോ. അതുകൊണ്ടാണ് പ്രളയത്തെ തുടർന്ന് കേരള ജനതയ്ക്കുണ്ടായ ഭീമമായ നഷ്ടങ്ങളുടെ പേരിൽ വൈദ്യുതി വകുപ്പിന്റെയോ ജല അതോറിറ്റയുടെയോ ഒരൊറ്റ ഉദ്യോഗസ്ഥൻ പോലും ശിക്ഷിക്കപ്പെടാതെ പോകുന്നത്. ഇത്രയേറെ മഴ പെയ്തിട്ടും പരമാവധി സംഭരണശേഷിയിൽ ഡാമുകൾ തകരാതെ കാത്തതിന്റെ പേരിൽ നാളെ ഔദ്യോഗിക ബഹുമതികൾ പോലും അവരെത്തേടിയെത്താം!.

നിർമ്മിതികളെക്കുറിച്ച് പുനഃപരിശോധിക്കുമ്പോൾ അത് ഡാമുകളിൽ മാത്രം ഒതുങ്ങി നിൽക്കേണ്ടതില്ല. കുട്ടനാടിനെ വെള്ളത്തിൽ മുക്കിയ തണ്ണീർമുക്കം ബണ്ടും തോട്ടപ്പിള്ളി സ്പിൽവേയും ഉപ്പുവെള്ളം കയറാതിരിക്കുന്നതിനായി പുഴകളുടെ താഴ്ത്തടങ്ങളിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള ചീർപ്പുകളും ബണ്ടുകളും ജലസേചനത്തിനായി വെള്ളം വഴിതിരിച്ചുവിടാൻ നിർമ്മിച്ചിട്ടുള്ള തടയണകളുമെല്ലാം എങ്ങനെ പ്രളയത്തിന്റെ ആഘാതം കൂട്ടി എന്ന് പരിശോധിക്കേണ്ടതുണ്ട്. പല ബണ്ടുകളുടെയും ഷട്ടറുകൾ കൃത്യമായി പ്രവർത്തിക്കാതിരുന്നത് വെള്ളപ്പൊക്കത്തിന്റെ തോത് കൂട്ടിയിരുന്നു. പ്രളയജലം ഒഴുകിപ്പരക്കേണ്ടിയിരുന്ന പ്രളയസമതലങ്ങളിൽ നാം കെട്ടിയുയർത്തിയ എല്ലാ നിർമ്മിതികളെക്കുറിച്ചും പുനർചിന്ത വേണ്ടതുണ്ട്. നികത്തിയെടുത്ത തണ്ണീർത്തടങ്ങളെയും വയലുകളെയും കുറിച്ച് ചിന്തിക്കേണ്ടതുണ്ട്. (ആറന്മുളയിൽ വിമാനത്താവളം നിർമ്മിക്കുന്നതിനായി നികത്താൻ ഉദ്ദേശിച്ചിരുന്ന 2000 ഏക്കർ പാടത്ത് പ്രളയസമയത്തുണ്ടായിരുന്നത് 30 അടിയോളം വെള്ളമാണ്. വിമാനത്താവളം യാഥാർത്ഥ്യമായിരുന്നെങ്കിൽ നെടുമ്പാശ്ശേരിപോലെ കുറേ ദിവസത്തേക്ക് അടച്ചിടാൻ ഒരെണ്ണം കൂടി നമുക്ക് കിട്ടുമായിരുന്നു. വമ്പൻ വയൽനികത്തലുകാരായ തൃശൂർ പുഴയ്ക്കൽപ്പാടത്തെ ശോഭാസിറ്റിയും എറണാകുളത്തെ ആസ്റ്റർ മെഡിസിറ്റിയും വെള്ളത്തിനടയിലായതും സ്വാഭാവികം). ജലനീരൊഴുക്കുകൾക്ക് വിഘാതം സൃഷ്ടിച്ചുകൊണ്ട് പണിത റോഡുകളെയും നമ്മുടെ സ്വന്തം മതിലുകളെയും കുറിച്ച് വരെ ചിന്തിക്കേണ്ടതുണ്ട്. ഇതൊന്നും ഭരണസംവിധാനങ്ങളുടെ ഭാഗത്ത് നിന്നും പ്രതീക്ഷിക്കാൻ കഴിയുന്ന ആലോചനകളേയല്ല. പൗരസമൂഹം ഇടപെട്ടാൽ മാത്രം സൃഷ്ടിച്ചെടുക്കാൻ കഴിയുന്ന തിരുത്തലുകളാണ്. അതിനാവശ്യമായ അറിവും വിവരങ്ങളും സമ്പാദിച്ച് പ്രവർത്തനങ്ങൾ തുടങ്ങുക എന്നതാണ് നമുക്ക് മുന്നിലുള്ള വഴി.

പ്രളയത്തിന്റെ കാര്യത്തിൽ മാത്രമായി ഈ അന്വേഷണങ്ങൾ ഒതുങ്ങി നിൽക്കേണ്ടതില്ല. ഈ വർഷത്തെ മഴക്കാലം കേരളത്തിൽ സൃഷ്ടിച്ച ഏറ്റവും വലിയ ദുരന്തമായ ഉരുൾപൊട്ടലുകളുടെയും മണ്ണിടിച്ചിലുകളുടെയും കാര്യത്തിലും മനുഷ്യനിർമ്മിതികളെയും ഭൂവിനിയോഗത്തെയും കുറിച്ച് ഗൗരവമുള്ള ഒട്ടേറെ വിമർശനങ്ങൾ നമ്മൾ രൂപപ്പെടുത്തേണ്ടതുണ്ട്. കേരളത്തിന്റെ പാരിസ്ഥിതിക നിലനിൽപ്പിനെത്തന്നെ സാരമായി ബാധിക്കുന്നതരത്തിൽ മേൽമണ്ണ് ഒലിച്ചുപോയിരിക്കുന്നു. പശ്ചിമഘട്ടത്തിന്റെ പടിഞ്ഞാറൻ ചെരിവുകളിലെ ചെങ്കുത്തായ മലകളിലെ മനുഷ്യസാന്നിധ്യമുള്ള ഇടങ്ങളിലെല്ലാം ഇത്തവണ ഉരുൾപൊട്ടലോ, മണ്ണിടിച്ചിലോ, ശിലാപതനമോ, ഭൂമിയുടെ ഇടിഞ്ഞുതാഴലോ സംഭവിച്ചിട്ടുണ്ട്. ഈ മലഞ്ചരിവുകളുടെ സ്ഥിരതയെ നിർണ്ണയിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഘടകം സസ്യാവരണത്തിന്റെ കരുത്താണ്. ഉറച്ച പാറകൾക്ക് മേലെയുള്ള മേൽമണ്ണിന്റെ നേർത്ത പ്രതലത്തിലാണ് ഈ പച്ചപ്പുകൾ തഴച്ചുനിൽക്കുന്നത്. അതായത് ചെങ്കുത്തായ പാറകൾക്കുമേലെയുള്ള മേൽമണ്ണിനെ അടർന്നുവീഴാതെ പിടിച്ചുനിർത്തിയിരിക്കുന്നത് ഈ വന്യസസ്യമേലാപ്പാണ്. ആ സസ്യാവരണത്തിന് ശോഷണം സംഭവിക്കുന്നതോടെ മഴ പെയ്യുമ്പോൾ ജലപൂരിതമായ മേൽമണ്ണും ദ്രവിച്ച പാറകളും ഉറച്ച ശിലകളുടെ പ്രതലത്തിലൂടെ അതിവേഗത്തിൽ താഴേക്ക് പതിക്കും. ഇതാണ് കേരളത്തിന്റെ കിഴക്കൻ മലയോരങ്ങളിൽ ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നത്. സസ്യാവരണത്തിന് ശോഷണം സംഭവിച്ചതിന് പിന്നിൽ മനുഷ്യർ നടത്തിയ പലവിധ ഇടപെടലുകൾ തന്നെയാണ് കാരണം. വികസന പദ്ധതികളുടെയും ഏകവിള കൃഷിയുടെയും ഖനന പ്രവർത്തനങ്ങളുടെയും രൂപത്തിൽ ഈ മലഞ്ചരിവുകളിലെ പച്ചമേലാപ്പുകളെ നമ്മൾ തുടച്ചുനീക്കി. ഈ മഴക്കാലത്തുണ്ടായ ആയിരക്കണക്കിന് ഉരുൾപൊട്ടലുകളെക്കുറിച്ച്, ദുരന്തസ്ഥലങ്ങൾ സന്ദർശിച്ച് വിശദമായി പഠിക്കാൻ ശ്രമിക്കുകയാണെങ്കിൽ മിക്കയിടങ്ങളിലും മനുഷ്യരുടെ അവധാനതയില്ലാത്ത പ്രവൃത്തികളുടെയും വികസനദുരയുടെയും അ

ടയാളങ്ങൾ നമുക്ക് കണ്ടെടുക്കാൻ കഴിയും. മഴ കൂടുതലായി പെയ്തതുകൊണ്ട് സംഭവിച്ചതാണെന്ന കാരണം പറഞ്ഞ് തള്ളിക്കളയാൻ കഴിയുന്നതല്ല ഈ ആഘാതങ്ങൾ. കാരണം മേൽമണ്ണ് ഒലിച്ചുപോയതിലൂടെ ഉണ്ടായിരിക്കുന്ന വിനാശത്തിന്റെ പ്രതിഫലനങ്ങൾ നമ്മൾ അനുഭവിക്കാൻ പോകുന്നതേയുള്ളൂ. അത് ഏറ്റവും സാരമായി ബാധിക്കാൻ പോകുന്നത് ആദിവാസി-ദളിത് സമൂഹങ്ങളെയും ദരിദ്രരായ ചെറുകിട കുടിയേറ്റ കർഷകരേയുമാണ്. ടാർറോഡുകളും പാറമടകളും ഏകവിളത്തോട്ടങ്ങളും റിസോർട്ടുകളും ആഢംബരസൗധങ്ങളും മണ്ണിൽ സൃഷ്ടിക്കുന്ന അക്രമങ്ങൾക്ക് വിലകൊടുക്കേണ്ടി വരുന്ന നിഷ്കാസിത ജനതയെ ഉരുൾപൊട്ടലുണ്ടായ എല്ലാ സ്ഥലങ്ങളിലും കാണാൻ കഴിയും. അവരോടൊപ്പം ചേർന്ന്, അവരിൽ നിന്നുതന്നെ തുടങ്ങാം ഭൂവിതരണത്തെയും ഭൂവിനിയോഗത്തെയും കുറിച്ചുള്ള പരിസ്ഥിതി പുനഃസ്ഥാപനത്തിലൂന്നിയ ചർച്ചകൾ.

**ഗാഡ്ഗിൽ റിപ്പോർട്ട് എന്തുചെയ്യണം?**

പശ്ചിമഘട്ട മലനിരകളോട് ചേർന്നുകിടക്കുന്ന കേരളത്തിലെ പരിസ്ഥിതി ലോല പ്രദേശങ്ങളുടെ പരിപാലനം എങ്ങനെയാകണം എന്ന ആലോചനകൾ ഗാഡ്ഗിൽ റിപ്പോർട്ട് എന്ന സ്ഥലത്താണ് ഇപ്പോൾ എത്തിനിൽക്കാറുള്ളത്. തീർച്ചയായും ഗാഡ്ഗിൽ റിപ്പോർട്ട് ഒട്ടേറെ സാധ്യതകൾ അക്കാര്യത്തിൽ തുറന്നുതരുണ്ട്. എന്നാലും ഗാഡ്ഗിൽ റിപ്പോർട്ട് നടപ്പിലാക്കണം എന്ന ആവശ്യം ഒരു രാഷ്ട്രീയ പ്രചരണമായി മാത്രമേ ഇനി അവസാനിക്കുകയുള്ളൂ. കേന്ദ്ര സർക്കാർ ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് പരിഗണിക്കേണ്ടതില്ലാത്ത വിധം കാര്യങ്ങൾ വളരെയേറെ മുന്നോട്ടു കൊണ്ടുപോയിരിക്കുന്നു. ഗാഡ്ഗിൽ റിപ്പോർട്ടല്ല, കസ്തൂരിരംഗൻ റിപ്പോർട്ടാണ് പശ്ചിമഘട്ട സംരക്ഷണത്തിനായി പരിഗണിക്കാൻ പോകുന്നതെന്ന് അറിയിച്ചുകൊണ്ട് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം സെക്രട്ടറി 2014 സെപ്തംബർ 19ന് ദേശീയ ഹരിത ട്രിബ്യൂണലിൽ സത്യവാങ്മൂലം സമർപ്പിച്ചിരുന്നു. അതിനെ തുടർന്ന് 2014 സെപ്തംബർ 25ന് ഗാഡ്ഗിൽ റിപ്പോർട്ട് നടപ്പിലാക്കണം എന്ന് ആവശ്യപ്പെട്ട് ഗോവാ ഫൗണ്ടേഷൻ സമർപ്പിച്ച കേസ് കോടതി തീർപ്പാക്കുകയും ചെയ്തിരുന്നു. നിയമപോരാട്ടങ്ങൾ ഇനിയും സാധ്യമാണെന്നിരിക്കിലും ഗാഡ്ഗിൽ റിപ്പോർട്ടിന്റെ കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ തീരുമാനം അവർ ഉറപ്പിച്ചിട്ടുണ്ട്. പശ്ചിമഘട്ട സംരക്ഷണത്തിന്റെ കാര്യത്തിൽ അന്തിമ തീരുമാനം എടുക്കാനുള്ള കർത്തവ്യം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൽ നിക്ഷിപ്തമാക്കിയാണ് ഹരിത ട്രിബ്യൂണലിന്റെ അധിമ വിധി വന്നത്. അതനുസരിച്ച് ഇനി കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ മേൽ അന്തിമ വിജ്ഞാപനം വരുകയേ വേണ്ടൂ. നാല് വർഷം കഴിഞ്ഞിട്ടും അതുപോലും വന്നില്ല എന്നത് സർക്കാരിന്റെ താത്പര്യം കുറച്ചുകൂടി വ്യക്തമാക്കുന്നു. കരട് വിജ്ഞാപനത്തിന്റെ കാലാവധി മൂന്ന് തവണ അവസാനിച്ചിട്ടും അന്തിമ വിജ്ഞാപനം പുറത്തിറക്കാൻ കേന്ദ്രത്തിന് കഴിഞ്ഞിട്ടില്ല. കരട് വിജ്ഞാപനത്തിന്റെ കാലാവധി വരാനിരിക്കുന്ന ലോകസഭാ തെരഞ്ഞെടുപ്പ് വരെ നീട്ടിക്കൊണ്ടുപോകാൻ കഴിയുമോ എന്നായിരിക്കും സർക്കാർ ചിന്തിക്കുന്നത്. 2013 ഡിസംബർ 30ന് കേന്ദ്രം പുറപ്പെടുവിച്ച കരട് വിജ്ഞാപനമാണ് ഇങ്ങനെ നീണ്ടുപോകുന്നത്. കേരളം ഈ കരട് വിജ്ഞാപനത്തെയും അംഗീകരിക്കാൻ സന്നദ്ധമായിട്ടില്ല. പ്രതിഷേധങ്ങളുണ്ടായതിന്റെ അടിസ്ഥാനത്തിൽ മറ്റൊരുരീതിയിലാണ് ഇവിടെ കാര്യങ്ങൾ നടന്നത്. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് നിയോഗിച്ച, അന്നത്തെ ജൈവവൈവിധ്യ ബോർഡ് ചെയർമാൻ ഉമ്മൻ വി. ഉമ്മൻ അദ്ധ്യക്ഷനായ ഒരു കമ്മിറ്റി കസ്തൂരിരംഗൻ സമിതി കണ്ടെത്തിയ കേരളത്തിലെ 123 പരിസ്ഥിതി ലോല വില്ലേജുകളുടെ ഭൂപടം പുനർനിർണ്ണയിച്ചിട്ടുണ്ടായിരുന്നു. അത്തരത്തിൽ ഈ 123 വില്ലേജുകളിൽ ഉൾപ്പെടുന്ന പല പ്രദേശങ്ങളും ഒഴിവാക്കിക്കൊണ്ടുള്ള ഒരു ഭൂപടമാണ് കേരളം സമർപ്പിച്ചിരിക്കുന്നത്. അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കു

പശ്ചിമഘട്ടത്തോട് ചേർന്നുകിടക്കുന്ന ജനവാസ മേഖലകളുടെ സ്ഥലീയ ആസൂത്രണം വിവിധ പാരിസ്ഥിതിക ഘടകങ്ങൾ പരിഗണിച്ചുകൊണ്ട് എങ്ങനെ നടപ്പിലാക്കാം എന്നതായിരുന്നു ഗാഡ്ഗിൽ റിപ്പോർട്ടിന്റെ സമീപനം. അതെല്ലാം അട്ടിമറിച്ച്, പ്രതിഷേധങ്ങളുടെ പേരിൽ അത്തരം ജനവാസമേഖലകളെയെല്ലാം ഒഴിവാക്കിയെടുത്തുകൊണ്ടുള്ള ഒരു ലിസ്റ്റാണ് അന്തിമമായി വരാൻ പോകുന്നത്. ചുരുക്കത്തിൽ ഒരു ഫലവുമുണ്ടാകാൻ ഇടയില്ലാത്ത ഒരു വ്യഥാവ്യായാമം. ഈ സാഹചര്യത്തിൽ ഇനിയും ഗാഡ്ഗിൽ റിപ്പോർട്ട് നടപ്പിലാക്കണം എന്ന് പറയുന്നതിൽ എന്ത് അർത്ഥമാണുള്ളത്?



ഗാഡ്ഗിൽ റിപ്പോർട്ടിൽ പറഞ്ഞിരുന്ന ഇടുക്കിയിലെ പരിസ്ഥിതി ലോല പ്രദേശത്തുണ്ടായ ഉരുൾപൊട്ടൽ

മ്പോൾ ഈ ഭൂപടം അംഗീകരിക്കണം എന്നതാണ് കേരളത്തിന്റെ വാദം. കസ്തൂരിരംഗൻ റിപ്പോർട്ട് യാഥാർത്ഥ്യമായാൽ പോലും ഉമ്മൻ വി. ഉമ്മൻ കമ്മിറ്റിയിലൂടെ വീണ്ടും നേർപ്പിക്കപ്പെട്ട പരിസ്ഥിതി ലോല പ്രദേശങ്ങളാണ് കേരളത്തിൽ യാഥാർത്ഥ്യമാകാൻ പോകുന്നത്. പശ്ചിമഘട്ടത്തോട് ചേർന്നുകിടക്കുന്ന ജനവാസ മേഖലകളുടെ സ്ഥലീയ ആസൂത്രണം വിവിധ പാരിസ്ഥിതിക ഘടകങ്ങൾ പരിഗണിച്ചുകൊണ്ട് എങ്ങനെ നടപ്പിലാക്കാം എന്നതായിരുന്നു ഗാഡ്ഗിൽ റിപ്പോർട്ടിന്റെ സമീപനം. അതെല്ലാം അട്ടിമറിച്ച്, പ്രതിഷേധങ്ങളുടെ പേരിൽ അത്തരം ജനവാസമേഖലകളെയെല്ലാം ഒഴിവാക്കിയെടുത്തുകൊണ്ടുള്ള ഒരു ലിസ്റ്റാണ് അന്തിമമായി വരാൻ പോകുന്നത്. ചുരുക്കത്തിൽ ഒരു ഫലവുമുണ്ടാകാൻ ഇടയില്ലാത്ത ഒരു വ്യർഥ വ്യായാമം. ഈ സാഹചര്യത്തിൽ ഇനിയും ഗാഡ്ഗിൽ റിപ്പോർട്ട് നടപ്പിലാക്കണം എന്ന് പറയുന്നതിൽ എന്ത് അർത്ഥമാണുള്ളത്? എന്നാലും ഈ ദുരന്താനന്തര കാലത്ത് ഗാഡ്ഗിൽ റിപ്പോർട്ട് വീണ്ടും വായിക്കുന്നതിലും ചർച്ച ചെയ്യുന്നതിലും കാര്യമുണ്ട്. ഗാഡ്ഗിൽ റിപ്പോർട്ട് യാഥാർത്ഥ്യമായില്ലെങ്കിലും അതിൽ പറഞ്ഞിട്ടുള്ള പല നിർദ്ദേശങ്ങളും പരിസ്ഥിതിയോടും ജനങ്ങളോടും ആത്മാർത്ഥതയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പോലും നടപ്പിലാക്കാൻ കഴിയുന്നതാണ്. ജനകീയ സമ്മർദ്ദമുണ്ടെങ്കിൽ ചില നിർദ്ദേശങ്ങൾ സംസ്ഥാന സർക്കാരിനെക്കൊണ്ട് നടപ്പിലാക്കാനും കഴിയും. കാരണം ഗാഡ്ഗിൽ കമ്മിറ്റി മുന്നോട്ടുവച്ച എല്ലാ നിർദ്ദേശങ്ങളും നിലവിലുള്ള കേന്ദ്ര-സംസ്ഥാന നിയമങ്ങളുടെ പിൻബലമുള്ളവയായിരുന്നു. ഗാഡ്ഗിൽ കമ്മിറ്റി തന്നെ നിർദ്ദേശിച്ച ഒരു പശ്ചിമഘട്ട അതോറിറ്റി വഴി മോണിറ്റർ ചെയ്യപ്പെടില്ല എന്നതു മാത്രമാണ് റിപ്പോർട്ട് യാഥാർത്ഥ്യമാകുന്നില്ലെങ്കിൽ ഉണ്ടാകുന്ന ഭരണപരമായ വ്യത്യാസം. (അത്തരത്തിലുള്ള ഒരു അതോറിറ്റിയുടെ കേന്ദ്രീകൃത സ്വഭാവത്തെക്കുറിച്ച് ഉയർന്ന വിമർശനങ്ങളും പ്രധാനമാണ്). പരിസ്ഥിതി ലോല പ്രദേശങ്ങളുടെ (ഇ.എസ്.എ) ഭരണനിർവഹണം എങ്ങനെയാകണം എന്നതിൽ വ്യക്തമായ ഒരു രൂപരേഖയുണ്ടാക്കുകയാണ് ഗാഡ്ഗിൽ കമ്മിറ്റി ചെയ്തത്. പശ്ചിമഘട്ടത്തിന്റെ പാരിസ്ഥിതിക-സാമൂഹിക സവിശേഷതകൾ വിലയിരുത്തി ഇ.എസ്.എകൾ എങ്ങനെ നിശ്ചയിക്കാമെന്നും അത്തരം ഇ.എസ്.എയിൽ, ഓരോ മേഖലയിലും എന്തെല്ലാം ചെയ്യാമെന്നും ചെയ്യാൻ പാടില്ല എന്നുമാണ് ഗാഡ്ഗിൽ സമിതി നിർദ്ദേശിച്ചത്. മനുഷ്യ പ്രവർത്തികളുടെ മുൻഗണന നിശ്ചയിക്കുന്ന പ്രക്രിയയിൽ സുസ്ഥിരതയുടെയും സ്ഥലീയ ആസൂത്രണത്തിന്റെയും മേഖലാവത്കരണത്തിന്റെയും ജനാധിപത്യത്തിന്റെയും സങ്കൽപ്പങ്ങളെ എങ്ങനെ വിളക്കിച്ചേർക്കാം എന്നതിന് ഒരു മാതൃക തന്നെ ഗാഡ്ഗിൽ സമിതി വരച്ചിടുകയുണ്ടായി. അതുകൊണ്ട് ഗാഡ്ഗിൽ റിപ്പോർട്ട് യാഥാർത്ഥ്യമാക്കുന്നതിനുള്ള ശ്രമങ്ങൾക്ക് വേണ്ടി ഊർജ്ജം നഷ്ടപ്പെടുത്താതെ, തദ്ദേശീയസമൂഹത്തിന്റെ പിന്തു

ണയോടെ ഇ.എസ്.എകൾ നിശ്ചയിച്ച് ഈ ഭരണമാതൃക അവിടെ യാഥാർത്ഥ്യമാക്കുന്നതിനുള്ള ശ്രമങ്ങളാണ് പൗരസമൂഹം നടത്തേണ്ടത്. ദുരന്താനന്തര കാലത്തെ അതിനുള്ള ഒരു വഴി തെളിയലായി കാണാനും പരിഗണിക്കാനും കഴിയണം. ഗാഡ്ഗിൽ സമിതി ശുപാർശ ചെയ്ത പരിസ്ഥിതി ലോല പ്രദേശങ്ങളിൽ എന്തെല്ലാം ദുരന്തങ്ങളാണ് ഈ മഴക്കാലത്തുണ്ടായതെന്ന് കണ്ടെത്തുകയും അത് പൊതുസമൂഹത്തിൽ തുറന്നുകാണിക്കുകയും വേണം. അത്തരത്തിൽ തദ്ദേശീയ ജനസമൂഹത്തോട് ആ പ്രദേശത്തിന്റെ ലോലമായ പരിസ്ഥിതി സംവേദനക്ഷമതയെക്കുറിച്ച് വ്യക്തമാക്കുകയും അതിനാൽത്തന്നെ അവിടെ ഉദ്ദേശിക്കപ്പെടുന്ന വികസന-ആസൂത്രണ പ്രക്രിയകളിലും ജീവിതരീതികളിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് സംസാരിക്കുകയും ചെയ്യണം. ഒരു പ്രദേശത്തിന്റെ ജീവശാസ്ത്രഘടകങ്ങളും ഭൂതല സവിശേഷതകളും കാലാവസ്ഥാപരമായ പ്രത്യേകതകളും പ്രകൃതിദുരന്ത സാധ്യതകളും എല്ലാം പരിശോധിച്ചുകൊണ്ടുതന്നെയാണ് ഗാഡ്ഗിൽ കമ്മിറ്റി ഇ.എസ്.എകളെ നിശ്ചയിച്ചത് എന്നതിനാൽത്തന്നെ അത്തരത്തിലുള്ള ഒരു പരിശോധനയ്ക്ക് തീർച്ചയായും ചില വിലയിരുത്തലുകളിൽ എത്താൻ കഴിയും. ദുരന്താനന്തര കേരളത്തിൽ ഗാഡ്ഗിൽ റിപ്പോർട്ടിന്റെ അന്തഃസത്തയെ ഇത്തരത്തിൽ പ്രയോഗക്ഷമമാക്കാൻ നമുക്ക് കഴിയേണ്ടതില്ലേ?

### മറ്റ് സാധ്യതകൾ നോക്കാം

വെള്ളപ്പൊക്കക്കെടുതികളെ തുടർന്ന് പ്രളയ ഭൂപടം തയ്യാറാക്കുന്നതിനുള്ള പ്രാരംഭഘട്ട പ്രവർത്തനങ്ങൾ സർക്കാർ സംസ്ഥാന തലത്തിൽ ആരംഭിച്ചിട്ടുണ്ട്. മലബാർ ജില്ലകളുടെ ചുമതല കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന സി.ഡബ്ള്യൂ.ആർ.ഡി.എമ്മിനും മധ്യകേരളത്തിന്റെ ചുമതല തൃശൂർ കെ.എഫ്.ആർ.ഐയ്ക്കുമാണ് നൽകിയിരിക്കുന്നത്. ഈ പ്രളയഭൂപടങ്ങൾ ജില്ലാതലത്തിലോ സംസ്ഥാനതലത്തിലോ ഉള്ള സ്കെയിലിൽ ആണ് നമുക്ക് ലഭിക്കാൻ പോകുന്നത്. ഇത് ശരിക്കും ഉപകാരപ്പെടണമെങ്കിൽ പഞ്ചായത്ത്/മുനിസിപ്പാലിറ്റി തലത്തിലുള്ള ഒരു ഭൂപടമായി അത് മാറ്റേണ്ടതുണ്ട്. സർക്കാർ രൂപപ്പെടുത്തുന്ന ഭൂപടങ്ങളെ എങ്ങനെ ചെറിയ സ്കെയിലിലേക്ക് കൊണ്ടുവരാൻ കഴിയും എന്ന് പൊതുസമൂഹം ആലോചിക്കണം. അതുമല്ലെങ്കിൽ ജനകീയമായി ഓരോ പ്രദേശത്തിന്റെയും പ്രളയ ഭൂപടം തയ്യാറാക്കാൻ സിവിൽ സൊസൈറ്റി ഗ്രൂപ്പുകൾ സന്നദ്ധമാകണം. ദുരന്തനിവാരണ അതോറിറ്റി തയ്യാറിക്കിയിരിക്കുന്ന വിവിധ ദുരന്ത സാധ്യതാ പ്രദേശങ്ങളെക്കുറിച്ചുള്ള ഭൂപടങ്ങളെല്ലാം ഇപ്പോൾ സംസ്ഥാന അടിസ്ഥാനത്തിലുള്ള സ്കെയിലിൽ ആണ് ലഭിക്കുന്നത്. ഇതും ഓരോ പ്രദേശത്തുള്ളവർക്കും മനസ്സിലാക്കാൻ കഴിയുന്നതരത്തിൽ മാറ്റിത്തീർക്കാൻ എങ്ങനെ സാധിക്കുമെന്ന് ആലോചിക്കേണ്ടതുണ്ട്. അതുപോലെ ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ സ്വയം സന്നദ്ധരായി ഏർപ്പെട്ട യുവസമൂഹത്തെ ഉൾപ്പെടുത്തി ഓരോ പ്രദേശത്തും ഒരു കൂട്ടായ്മ രൂപീകരിക്കുകയും അവരുടെ പ്രാദേശികമായ അറിവുകൾ കൂടി ഉൾപ്പെടുത്തി ഒരു ഡിസാസ്റ്റർ മാനേജ്മെന്റ് കളക്ടീവ് തദ്ദേശീയതലത്തിൽ രൂപീകരിക്കുന്നതിനുള്ള ശ്രമം നടത്തുകയും ചെയ്യേണ്ടതുണ്ട്. ദുരന്തലഘൂകരണത്തിനായുള്ള പാരിസ്ഥിതിക പുനഃസ്ഥാപന പരിപാടികൾക്കായും ഇത്തരത്തിലുള്ള കളക്ടീവുകൾ രൂപീകരിക്കാം.

പൗരസമൂഹത്തിന് ഇടപെടാനുള്ള സാധ്യതകൾ ഇങ്ങനെ വിപുലമായി നീളുകയാണ്. എങ്കിലും പരിസ്ഥിതിനാശത്തിനും വിഭവശോഷണത്തിനും കാരണമായിത്തീരുന്ന, സാമൂഹികവും സാമ്പത്തികവുമായ അസമത്വം വർദ്ധിപ്പിക്കുന്ന വികസനനയങ്ങൾ തിരുത്തിയെഴുതപ്പെടുകയും അതിനെ അഭിവൃദ്ധിപ്പെടുത്തുന്ന മുതലാളിത്ത ഉത്പാദന വ്യവസ്ഥയോടും സ്ഥാപനങ്ങളോടും വിസമ്മതിക്കുകയും ചെയ്യുമ്പോൾ മാത്രമേ ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കുകയുള്ളൂ എന്ന അടിസ്ഥാന വസ്തുത ഓരോ അണുവിലും മറക്കാതിരിക്കാം. 'അസുഖകരമായ അവസാനം' എന്ന അർത്ഥത്തിൽ ഈ ദുരന്തം എത്തിച്ചേരാതിരിക്കട്ടെ. ■

## പഠന സമിതി

2018ലെ പ്രളയത്തെക്കുറിച്ചും മഴക്കാല ദുരന്തങ്ങളെക്കുറിച്ചും ഇക്കോളജീയമായും രാഷ്ട്രീയമായും പഠിക്കുന്നതിന് കേരളീയം രൂപീകരിച്ച പഠന സമിതിയിലേക്ക് താങ്കളുടെ പിന്തുണ പ്രതീക്ഷിക്കുന്നു. പഠനത്തിന് ആവശ്യമായ വിവരങ്ങൾ ശേഖരിക്കുകയും ക്രോഡീകരിക്കുകയും ചെയ്യുന്ന ഒരു ഗ്രൂപ്പും ആ വിവരങ്ങൾ വിശകലനം ചെയ്യുന്ന വിവിധ വിഷയവിദഗ്ധരുടെ ഒരു ഗ്രൂപ്പും ആ വിശകലനങ്ങൾ സമാഹരിച്ച് പഠന റിപ്പോർട്ട് തയ്യാറാക്കുന്ന ഒരു ഗ്രൂപ്പും ഉൾച്ചേരുന്നതാണ് പഠന സമിതിയുടെ ഘടന. ആദ്യഘട്ട പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. പഠന സമിതിയുമായി സഹകരിക്കുന്നതിന് താഴെ പറയുന്ന ഫോൺ/ഇ-മെയിലിൽ ബന്ധപ്പെടുക.

ഫോൺ: 9446586943, 8943221148

ഇ-മെയിൽ: disasterstudygroup@gmail.com